# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കോട്ടയ്ക്കൽ നഗരസഭ

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/എം.പി.എം.20/445/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി.28-05-2019

സീനിയർഡെപ്യൂട്ടി ഡയറക്ടർ.

ചെയർമാൻ /സെക്രട്ടറി മുഖേന

**കോട്ടയ്ക്കൽ** നഗരസഭ

സർ,

വിഷയം : കോട്ടയ്ക്കൽ നഗരസഭയുടെ - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടയ്ക്കൽ നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് ,കോഴിക്കോട് (ഉപരിപത്രം സഹിതം)

4)കാര്യാലയ പകർപ്പ്

എം.എ.5/19

നം കെ.എസ്.എ.എം.പി.എം.20/445/2019

തിയ്യതി:28-05-2019

## മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ നഗരസഭയുടെ 2017-18സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01/10/2017 മുതൽ 18/02/2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീമതി . സുധാദാസ് ,സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

-----------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 18-02-2019മുതൽ 02-03-2019വരെ

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ. ടി.പി.അബ്ദുൾ ജലീൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സി പി അബ്ദുൾ സത്താർ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. വേലായുധൻ കെ ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സിയാദ് പി പി | സീനിയർ ഗ്രേഡ് ഓഡിറ്റർ<br>(23.02.2019വരെ) |
| ശ്രീ. രാമകൃഷ്ണൻ ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി . സുജാത എം | ഓഡിറ്റർ |

### ബി ) നിർവഹണാധികാരികൾ

**ചെയർമാൻ**

| | |
|---|---|
| ശ്രീ. കെ കെ നാസർ | 01.04.2017 മുതൽ 31.03.2018 വരെ |

**സെക്രട്ടറി**

| | |
|---|---|
| 1.ശ്രീ.നൗഷാദ് എ | 01.04.2017 മുതൽ 31.03.18 വരെ |

**മറ്റു നിർവഹണ ഉദ്യോഗസ്ഥർ.**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| 1.സീനിയർ വെറ്ററിനറി സർജൻ | ഡോ. സുരേഷ് പി | 01.04.2017മുതൽ 06.07.2017വരെ |
| | ഡോ.ഹാറൂൺ അബ്ദുൾറഷീദ് | 07.07.2017മുതൽ 31.03.2018 വരെ |
| 2.മെഡിക്കൽ ഓഫീസർ (സി എച്ച് സി ) | ഡോ.നഷീദാ കെ | 01.04.2017 മുതൽ 10.08.2017 വരെ |
| | ഡോ. സലീല കറുത്തേടത്ത് | 11.08.2017 മുതൽ 23.10.2017 വരെ |
| | ഡോ.സയ്യദ് ഫസൽ കെ പി | 24.10.2017 മുതൽ 31.03.2018 വരെ |
| 3.ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബിന്ദു ടി എൻ | 01.04.2017മുതൽ 31.03.2018 വരെ |
| 4.ഹെൽത്ത്ഇൻസ്പെക്ടർഗ്രേഡ്-1 | ശ്രീ. മൂസക്കുട്ടി | 01.04.2017മുതൽ 23.10.2017 വരെ |
| | ശ്രീ. ഷാജിൽ കുമാർ | 24.10.2017 മുതൽ 31.03.2018 വരെ |
| 5. മുനിസിപ്പൽഎഞ്ചിനിയർ | ശ്രീ.വിഷ്ണു | 01.04.2017മുതൽ 27.10.2017 വരെ |
| | ശ്രീ.മാധവൻ എ | 28.10.2017മുതൽ 31.03.2018 വരെ |
| 6.കൃഷിഓഫീസർ | ശ്രീ. അരുൺകുമാർ കെ വി | 01.04.2017 മുതൽ 31.03.2018 വരെ |
| 7.മെഡിക്കൽ ഓഫീസർ(ഹോമിയോ ) | ഡോ.ജിഷ | 01.04.2017 മുതൽ 03.06.2017 വരെ |
| | ഡോ.റീത പി | 04.06.2017 മുതൽ 31.03.2018 വരെ |
| 8.മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.സുജാതദേവി.വി.എൻ | 01.04.2017 മുതൽ |

| | | |
|---|---|---|
| | | 24.09.2017 വരെ |
| | ഡോ. പ്രശാന്ത് | 25.09.2017 മുതൽ 27.11.2017 വരെ |
| | ഡോ.ബീന പി ജി | 28.11.2017 മുതൽ 07.12.2017 വരെ |
| | ഡോ. പ്രശാന്ത് | 08.12.2017 മുതൽ 31.03.2018 വരെ |
| 9. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ &പ്രോജക്റ്റ് ഓഫീസർ | ശ്രീ. റഷീദുദ്ദീൻ എം | 01.04.2017 മുതൽ 31.03.2018 വരെ |
| 10.പ്രിൻസിപ്പാൾ | ശ്രീമതി വനജ.ഇ.എൻ | 01.04.2017 മുതൽ 31.03.2018 വരെ |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | ഡി & ഒ ലൈസൻസ് അനുവദിക്കുന്നത് ക്രമപ്രകാരമല്ല | 2-1 | |
| 14 | വസ്തു നികുതി നിർണ്ണയത്തിലെ അപാകത | 2-2 | |
| 15 | വാർത്താവിനിമയ ഗോപുരം - പെർമിറ്റ് നൽകിയതിലെ അപാകത | 2-3 | |
| | | | |

| | | | |
|---|---|---|---|
| 16 | പൊതു സ്ഥലങ്ങളിൽ പരസ്യബോർഡുകളും കമാനങ്ങളും സ്ഥാപിയ്ക്കൽ -ഫീസ് നിരക്ക് നിശ്ചയിച്ചില്ല. | 2-4 | |
| 17 | തൊഴിൽ നികുതി - രേഖകൾ ലഭ്യമാക്കിയില്ല | 2-5 | |
| 18 | വാടക ഈടാക്കൽ- അപാകതകൾ | 2-6 | |
| 19 | രശീതി ഉപയോഗത്തിലുള്ള അപാകതകൾ. | 2-7 | |
| 20 | ടെലികമ്മ്യൂണിക്കേഷൻ ടവർ – വസ്തു നികുതി കുടിശ്ശിക ഈടാക്കിയില്ല. | 2-8 | |
| 21 | മുനിസിപ്പാലിറ്റിയുടെ തനതുവരുമാനം ഒന്നിലധികം ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു. | 2-9 | |
| 22 | 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ. | 2-10 | |
| 23 | കുടുംബശ്രീ സി ഡി എസ് ന കീഴിലുള്ള ടീ ഷോപ്പ് വാടക ഈടാക്കാതെ പ്രവർത്തിയ്ക്കുന്നു. | 2-11 | |
| 24 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമല്ല. | 2-12 | |
| 25 | എസ് ബി ടി -ഐ സി ഡി എസ് അക്കൗണ്ടിലെ തുക മുന്നിരിപ്പിൽ ഉൾപ്പെടുത്തിയില്ല | 2-13 | |
| **ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | | |
| 26 | സർക്കാർ മാർഗ്ഗ നിർദ്ദേശത്തിനു വിരുദ്ധമായി പ്രൊമോഷൻ കുടിശ്ശിക അനുവദിച്ചു-മുനിസിപ്പൽ ഫണ്ടിന് 296761 രൂപ നഷ്ടം | 3-1 | |
| 27 | കണ്ടിൻജന്റ് എംപ്ളോയീസ്-പെൻഷൻ ഫണ്ട് രൂപീകരിച്ചില്ല | 3-2 | |
| 28 | മുനിസിപ്പൽ സെക്രട്ടറിയുടെ ശമ്പളവും,പെൻഷൻ അംശദാനവും തനത് ഫണ്ടിൽ നിന്നും ട്രഷറിയിലേക്ക് ക്രമീകരിച്ചില്ല. | 3-3 | |
| 29 | സെൻട്രൽ പെൻഷൻ ഫണ്ട്- രജിസ്റ്റർ പൂർത്തീകരിച്ചില്ല. | 3-4 | |
| 30 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്- വിളക്കുകളുടെ എണ്ണവും തരവും തിട്ടപ്പെടുത്തിയില്ല. | 3-5 | |
| 31 | ലൈബ്രറി സെസ്സ് അടവാക്കൽ--സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-6 | |
| 32 | പൊതു ടാപ്പുകളുടെ വെള്ളക്കരം-സംയുക്ത പരിശോധന നടത്തിയില്ല. | 3-7 | |
| 33 | മഴക്കാല പൂർവ്വരോഗ ശുചീകരണ പ്രവർത്തനങ്ങൾ--തുകയുടെ വിനിയോഗ രേഖകൾ ഹാജരാക്കിയില്ല. | 3-8 | |
| 34 | നഗര ദാരിദ്ര്യ ലഘൂകരണ സെൽ പ്രൊജക്ട് ഓഫീസർ- പദ്ധതി നിർവഹണത്തിലെ അപാകതകൾ | 3-9 | |
| 35 | അയ്യങ്കാളി നഗരതൊഴിലുറപ്പു പദ്ധതി-പ്രവൃത്തികളിൽ കാലോചിതമായി മാറ്റം വരുത്തുന്നില്ല | 3-10 | |
| 36 | പ്രിൻസിപ്പാൾ നിർവഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ | 3-11 | |
| 37 | ഗ്രീൻ കോട്ടയ്ക്കൽ പദ്ധതി - പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ പ്രവർത്തന സജ്ജമായില്ല. | 3-12 | |

| | | | |
|---|---|---|---|
| 38 | മെഡിക്കൽഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-13 | |
| 39 | ഡെപ്പോസിറ്റ് പ്രവൃത്തി; പൂർത്തീകരണവിവരം ലഭ്യമല്ല. | 3-14 | |
| 40 | കുടിവെള്ള പദ്ധതി; പൂർത്തീകരണവിവരം ലഭ്യമല്ല. | 3-15 | |
| 41 | ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല | 3-16 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 42 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 43 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 45 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 46 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 47 | ഓഡിറ്റ് റിക്കവറി | 4-6 | |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 49 | ചാർജ് /സർചാർജ് | 4-8 | |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 52 | അനുബന്ധം: ഓഡിറ്റ് സാക്ഷ്യപത്രം | 4-11 | |



# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29.03.2017. തിയതിയിലെ ..1-ാം. തീരുമാനപ്രകാരം അംഗീകരിച്ചു. .

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 09.08.2018 | 09.08.2018 | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| | | |

| | | |
|---|---|---|
| 2017-18 | 01.09.2018 &03.09.2018 | കെ എസ് എ -എം പി എം 20/2046/2018 തി. 16.10.18 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,46,74,225.97 |
| വരവ് | 19,06,83,495 |
| ആകെ | 22,53,57,720.97 |
| ചെലവ് | 15,05,25,435 |
| നീക്കിയിരിപ്പ് | 7,48,32,285.97 |

# 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 31290000 | 31290000 | 27109436 | 4180564 | |
| വികസനഫണ്ട് എസ്.സി.പി. | 0 | 4563000 | 4563000 | 4064788 | 498212 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8986249 | 8986249 | 8707414 | 278835 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6990924 | 6990924 | 4198497 | 2792427 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 41420335 | 41420335 | 31497723 | 9922612 | |
| പെർഫോമൻസ് ഗ്രാന്റ്(സ്റ്റേറ്റ്) | 0 | 19024 | 19024 | 0 | 19024 | |
| പെർഫോമൻസ് ഗ്രാന്റ്(സെൻട്രൽ) | 0 | 126978 | 126978 | 98535 | 28443 | |
| എ.യു.ഇ.ജി.എസ്.പഞ്ചാബ് നാഷണൽ ബാങ്ക്, | 4308760 | 174567 | 4483324 | 1610537 | 2872787 | |
| ബി ഫണ്ട് | 0 | 60010580 | 60010580 | 60010580 | 0 | |
| തനത് ഫണ്ട് | 13373674 | 66902717 | 80276391 | 45004639 | 35271752 | |
| ടി എസ് ബി (ട്രഷറി ) | 3001640 | 15140000 | 18141640 | 10003838 | 8137802 | |
| എസ് ബി ടി ,സാക്ഷരത | 219470 | 0 | 219470 | 0 | 219470 | |
| എസ് ബി ടി, (ഒ എ പി ) | 50094 | 0 | 50094 | 0 | 50094 | |
| എസ് ബി ടി ,എൻ എം ബി എസ് | 14957 | 0 | 14957 | 0 | 14957 | |
| വിജയാബാങ്ക് | 72971.94 | 0 | 72971.94 | 0 | 72971.94 | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| എസ് ബി ടി ,സാനിറ്റേഷൻ | 38130 | 0 | 38130 | 0 | 38130 | |
| പഞ്ചാബ് നാഷണൽ ബാങ്ക്,സാക്ഷരത | 31200 | 0 | 31200 | 0 | 31200 | |
| ആക്സിസ് ബാങ്ക് ,ഹഡ്കോ | 3500000 | 13603270 | 17103270 | 17000000 | 103270 | |
| എസ് ബി ടി , പി എഫ് | 25471 | 0 | 25471 | 0 | 25471 | |
| എച്ച് ഡി എഫ് സി,കോട്ടയ്ക്കൽ | 20857 | 0 | 20857 | 0 | 20857 | |
| ആക്സീസ് ബാങ്ക് | 2600000 | 205510 | 2805510 | 0 | 2805510 | |
| ഐ ഡി ബി ഐ, സ്വച്ഛാഭാരത് | 234596 | 385272 | 619868 | 21385 | 598483 | |
| അർബ്ബൻ ബാങ്ക് ,കോട്ടയ്ക്കൽ | 40657 | 0 | 40657 | 0 | 40657 | |
| അർബ്ബൻ ബാങ്ക് ,കോട്ടയ്ക്കൽ ,ശുചിത്വമിഷൻ | 6940648 | 572127 | 7512775 | 233 | 7512542 | |
| ടി പി എ (ഓൾഡ്) | 67424 | 0 | 67424 | 0 | 67424 | |
| ടി പി എ 1 | 3533 | 0 | 3533 | 2557 | 976 | |
| ഐ സി ഐ സി ഐ (RMSA) | 0 | 1938254 | 1938254 | 0 | 1938254 | |
| ടി എസ് ബി അക്കൗണ്ട് | 0 | 1475536 | 1475536 | 0 | 1475536 | |
| യൂനിയൻ ബാങ്ക് ,(പി എം എ വൈ) | 0 | 19168023 | 19168023 | 7920000 | 11248023 | |
| എസ് ബി ടി ,(ICDS) | 865358 | 1050047 | 1915405 | 53745 | 1861660 | |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 248 | 318127345 | 104 | 86878447 | 58 | 86 | 42 |

# 1-7 തൊഴിലുറപ്പ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ & ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 4308760 | 174564 | 4483324 | 1610537 | 2872787 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10080 | 14 |
| കർഷകതൊഴിലാളി പെൻഷൻ | 1587200 | 138 |
| വിധവാപെൻഷൻ | 18555400 | 1523 |
| വാർദ്ധക്യകാലപെൻഷൻ | 33482500 | 2544 |
| വികലാംഗപെൻഷൻ | 5941200 | 466 |
| വിവാഹധനസഹായം | 30,000 | 1 |
| 50വയസിനുമുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 384200 | 29 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.02.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 0 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

2) രശീതികൾ വഴി പിരിച്ചെടുക്കുന്ന തുകകളുടെ അടവ്, പിൻവലിക്കൽ പ്രവർത്തനങ്ങളിൽ മേലുദ്യോഗസ്ഥന്റെ പരിശോധന കാര്യക്ഷമമല്ല. രണ്ട് തരം രശീതി ബുക്കുകൾ ഉപയോഗിക്കുന്നതായി കാണുന്നു.

3) ഒരു ജീവനക്കാരനും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4) ഹോളിഡേ ഡ്യൂട്ടി രജിസ്റ്റർ, കോമ്പൻസേറ്ററി ലീവ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

5) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യു ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

6) കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ എന്നിവക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7) അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.

8) വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമാക്കാൻ പ്രവർത്തിക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

9) വർഷാവസാനം സർക്കാരിലേക്കും മറ്റു ഏജൻസികളിലേക്കും നിയമപരമായും സമയബന്ധിതമായും അടവാക്കേണ്ട തുകകൾ തനതു ഫണ്ടിൽസൂക്ഷിക്കുന്നുണ്ട്.ആയവ സമയബന്ധിതമായി അടവാക്കേണ്ടതാണ്.

10)നഗരസഭയുടെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപാരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ /പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്.എന്നാൽ പ്രത്യേകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.06.2015 | 2013-14,2014-15 | 01.07.15 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.08.2018 | 2014-15 മുതൽ 2017-18 വരെ | 14.09.2018 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) വസ്തുനികുതി ,തൊഴിൽ നികുതി ,വിനോദനികുതി എന്നീ ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ലഭ്യമാക്കിയ പത്രികകൾ പ്രകാരമുള്ള തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2)താഴെ പറയുന്ന വരവിനങ്ങളുടെ തുകകൾ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

i)ഡി & ഒ ലൈസൻസ്

| | വാർഷിക കണക്കുപ്രകാരം | ഡിമാന്റ് രജിസ്റ്റർ പ്രകാരം |
|---|---|---|
| ഡിമാന്റ് (അരിയർ ) | 0 | 51500 |
| കളക്ഷൻ (തന്നാണ്ട് ) | 393123 | 1295418 |

ii)വാടക

| | വാർഷിക കണക്കുകൾ പ്രകാരം | ഡിമാന്റ് രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| ഡിമാന്റ് (അരിയർ ) | 2375618 | 1423914 | 951704 |
| കളക്ഷൻ (തന്നാണ്ട് ) | 15517700 | 11557612 | 39912 |

3)പ്രവർത്തന രഹിതങ്ങളായ താഴെ പറയുന്ന അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പുതുകകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

| അക്കൗണ്ട് | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് | |
|---|---|---|---|
| | | തീയ്യതി | തുക |
| സാനിറ്റേഷൻ | SBT 57022093726 | 30.11.14 | 36649 |

| | | | |
|---|---|---|---|
| വിജയാ ബാങ്ക് | 201701010003722 | 06.02.15 | 70140 |
| എൻ എം ബി എസ് | SBT 57022074736 | 30.11.14 | 437 |
| ഒ എ പി | SBT57022074725 | 30.11.14 | 50094 |

4)താഴെ പറയുന്ന ബാങ്ക് പാസ് ബുക്കുകൾ അപ്ഡേറ്റ് ചെയ്തിട്ടില്ല.

i)കോട്ടയ്ക്കൽ അർബ്ബൻ ബാങ്ക് (അക്കൗണ്ട് നമ്പർ - 3174)

ii)ആക്സിസ് ബാങ്ക് (അക്കൗണ്ട് നമ്പർ -916010074995986)

5)അക്കൗണ്ട് പ്രകാരം ടി പി എ (ഓൾഡ് ) എന്ന ഹെഡിൽ 67424 രൂപ അവശേഷിക്കുന്നു.എന്നാൽ ബാങ്ക് പാസ്ബുക്ക് ഹാജറാക്കിയിട്ടില്ല.

6)മുനിസിപ്പൽ എഞ്ചിനീയർ ,പ്രോജക്റ്റ് ഓഫീസർ (പി എ യു) എന്നിവർ ടി ആർ 7എ കാഷ്ബുക്കുകൾ സൂക്ഷിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർമാർ (സി എച്ച് സി ),ഹോമിയോ)ഐ സി ഡി എസ് സൂപ്പർവൈസർ ,പ്രൻസിപ്പൽ രാജാസ് എച്ച് എസ് എസ് സ്കൂൾ ,മുനിസിപ്പൽ എഞ്ചിനീയർ,പ്രോജക്റ്റ് ഓഫീസർ (പി എ യു)എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7) ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജറാക്കിയിട്ടില്ല.

8)അഡ്വാൻസ് രജിസ്റ്ററിൽ സംഗ്രഹം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9)അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിനു മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടെയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.തൻവർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

10)അടിസ്ഥാന അനുപാതങ്ങൾ ,പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

11)B-14 ഷെഡ്യൂൾ പ്രകാരം 53200 രൂപ സ്റ്റോക്ക് ബാലൻസ് കാണുന്നു.സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക ഹാജറാക്കിയിട്ടില്ല.

12)2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് അനുവദിയ്ക്കുന്നത് ക്രമപ്രകാരമല്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 447 (1) പ്രകാരം മുനിസിപ്പൽ പ്രദേശത്ത് യാതൊരു സ്ഥലവും

(എ) പരിസ്ഥതി , പൊതുസുരക്ഷ ,പൊതുജനാരോഗ്യം മുതലായ പൊതു താല്പര്യങ്ങളെ പ്രത്യക്ഷമായോ ,പരോക്ഷമായോ ദോഷകരമായി ബാധിയ്ക്കുന്നതോ ശല്യകാരണമായി ഭവിയ്ക്കുന്നതോ ആയ വ്യവസായങ്ങൾ ,ഫാക്ടറികൾ , വ്യാപരങ്ങൾ ,പണിസ്ഥലങ്ങൾ മറ്റു സേവനങ്ങൾ എന്നിവയ്ക്കായി പൊതുവേയും

(ബി)നിർണ്ണയിയ്ക്കപെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും

(i)ഓരോ കാര്യത്തിനും സർക്കാർ നിർണ്ണയിയ്ക്കുന്ന നിരക്കിലോ പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി നിർണ്ണയിയ്ക്കപെടാവുന്ന രീതിയിൽ പ്രസിദ്ധീകരിയ്ക്കുന്ന വിജ്ഞാപനപ്രകാരം ,നിശ്ചയ്ക്കപെടാവുന്ന അങ്ങനെയുള്ള നിരക്കിലോ ,ലൈസൻസ് ഫീസ് ഒടുക്കാതെയും

(ii)നിർണ്ണയിക്കപ്പെടാവുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും,
ഉപയോഗിയ്ക്കുവാൻ പാടില്ല.

സെക്ഷൻ 447(5) പ്രകാരം ഈ ആക്ടോ(മുനിസിപ്പാലിറ്റി ആക്റ്റ് 1994) ,അതിനുകീഴിൽ ഉണ്ടാക്കിയിട്ടുള്ള ബൈലോയോ പ്രകാരമാണ് ലൈസൻസിന് അപേക്ഷിയ്ക്കേണ്ടത്.

എന്നാൽ മുനിസിപ്പാലിറ്റി രൂപീകരിച്ച് ഇന്നേവരെയും ബൈലോ രൂപീകരിയ്ക്കുകയോ ,വിജ്ഞാപനമിറക്കുകയോ ചെയ്തിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായി.പകരം,2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ പ്രകാരമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചുവരുന്നത് .

സ ഉ (സാ)നം. 70/17/തസ്വഭവ തി. 10.01.17 പരിഷ്കരിച്ച ഉത്തരവ് സ.ഉ (സാ)നം. 256/17 തസ്വഭവ തി. 30.01.17 എന്നിവ പ്രകാരം 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ നടപ്പിലാക്കുന്നത് സർക്കാർ 30.04.2017 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ്.

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ലൈസൻസിനുള്ള ഫീസ് ,വ്യാപാരം /തൊഴിൽ/കച്ചവടസ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം ,വ്യാപാരത്തിന്റെ സ്വഭാവം ,നടത്തുന്ന കച്ചവടത്തിന്റെ തോത് ,മുതൽമുടക്ക് തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരത്തിന്റെയും സുതാര്യമായ മാനദണ്ഡപ്രകാരം 'എ', 'ബി', 'സി ' എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ച് ഈ ആക്റ്റ് പ്രകാരമുള്ള I,II പട്ടികകളിൽ അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിനു വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷക ലൈസൻസ് ഫീസ് ചുമത്താവുന്നതും ലൈസൻസ് ഫീസ് നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾ പ്രാബല്യത്തിൽ വന്നാലുടൻ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

ചട്ടപ്രകാരം ഈടാക്കാവുന്ന ഏറ്റവും കുറഞ്ഞനിരക്കാണ് മേൽ ഉത്തരവിലെ I,II പട്ടികകളിൽ പരാമർശിച്ചിട്ടുള്ളത്.നഗരസഭയിലെ സാഹചര്യങ്ങൾക്കനുസൃതമായി ഓരോ വ്യാപാരത്തിന്റെയും സുതാര്യമായ മാനദണ്ഡപ്രകാരം 'എ', 'ബി', 'സി ' എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ച് കൗൺസിൽ നിരക്ക് നിശ്ചയിച്ച ശേഷം വിജ്ഞാപനം നടപ്പിലാക്കുന്നതിനു മുൻപായി കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ച് ലൈസൻസ് ബാധകമായിട്ടുള്ള കക്ഷികളിൽ നിന്നുമുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചശേഷം കൗൺസിൽ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് സുതാര്യമായി വേണം നിയമം നടപ്പിൽ വരുത്തേണ്ടത്. എന്നാൽ കോട്ടയ്ക്കൽ നഗരസഭയുടെ 2017-18 വർഷത്തെ കൗൺസിൽ മിനുട്സ് പരിശോധിച്ചതിൽ 01.05.2017 ന് ശേഷം മേൽ ചട്ടങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് യാതൊരു തീരുമാനവും എടുത്തതായി കാണുന്നില്ല. അപാകതയ്ക്ക് കാരണമാരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/21.02.19)നഗരസഭാ ഹെൽത്ത് ഇൻസ്പെക്ടർ നൽകിയ മറുപടിയിൽ 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ പ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കുന്നതെന്നും മേൽ ചട്ടങ്ങൾ പൂർണ്ണമായി 2019-20 വർഷം മുതൽ നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട് എന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്.

സർക്കാർ വിഭാവനം ചെയ്തിട്ടുള്ളതിൽ പ്രകാരം യാതൊരു നടപടിയും സ്വീകരിയ്ക്കാതെയും, തീർത്തും ക്രമവിരുദ്ധവുമായാണ് നഗരസഭ ഡി & ഒ ലൈസൻസ് അനുവദിയ്ക്കുന്നതെന്ന് മേൽ മറുപടിയിൽ തന്നെ വ്യക്തമാണ്.കൂടാതെ ,2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ പൂർണ്ണമായും നടപ്പിലാക്കാതെ വികലമായി അനുകരിച്ചുകൊണ്ടാണ് നിലവിൽ ലൈസൻസ് അനുവദിയ്ക്കുന്നത് .ഹെൽത്ത് ഇൻസ്പെക്ടർ നൽകിയ മറുപടിയിൽ തന്നെ ഈക്കാര്യം വ്യക്തമാണ്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം ലൈസൻസിന്റെ കാലാവധി 5 വർഷമാണ്. എന്നാൽ ഈ നിയമം നടപ്പിലാക്കുമ്പോഴും നിലവിൽ ഒരു വർഷത്തെയ്ക്കാണ് ലൈസൻസ് അനുവദിയ്ക്കുന്നത്.

സർക്കാർ നിർദ്ദേശങ്ങൾ പാലിയ്ക്കാതെ ,സർക്കാർ നടപ്പിലാക്കുന്നത് ദീർഘിപ്പിച്ച 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ വികലമായി അനുകരിച്ചുകൊണ്ട് ഡി & ഒ ലൈസൻസ് അനുവദിച്ചു വരുന്ന നഗരസഭയുടെ നടപടി തീർത്തും നിരുത്തരവാദപരമാണ്.അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും.അപാകത അടിയന്തിരമായി പരിഹരിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കേണ്ടതുമാണ്.

## 2-2 വസ്തു നികുതി നിർണ്ണയത്തിലെ അപാകത

ഇതരവ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 50 രൂപ /ച.മീ ആയാണ് നഗരസഭ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ശ്രീ.കെ.എ.ഷാജഹാൻ,കഴപ്പിള്ളിയിൽ, ചങ്കുവെട്ടി,കോട്ടക്കൽ.പി.ഒ എന്നവരുടെ 97.025 ച.മീറ്റർ 10 HP മോട്ടോർ ഉപയോഗിച്ചുള്ള മരവ്യവസായ യൂണിറ്റിന് 40 രൂപ /ച.മീറ്റർ നിരക്കിൽ നികുതി ചുമത്തിയതിലൂടെ 936/- രൂപ നഗരസഭക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 2/212 B |
| തറവിസ്തീർണ്ണം | 97.025 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 50/ ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി ( 97.025 * 50) | 4852 രൂപ |
| (-) ഇളവ് - 10 % (മേഖല– 10% ) | 485 രൂപ |
| ഈടാക്കേണ്ട വസ്തുനികുതി | 4367രൂപ |
| ഈടാക്കിയ വസ്തുനികുതി | 3493 രൂപ. |
| ഈടാക്കിയതിൽ കുറവ് | 874രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (4367 * 5%) | 219 രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 175 രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 44 രൂപ. |
| ഈടാക്കേണ്ട സേവന നികുതി ( 4367 * 2%) | 88 രൂപ |
| ഈടാക്കിയ സേവന നികുതി | 70 രൂപ |
| ഈടാക്കിയതിൽ കുറവ് | 18 രൂപ. |
| ആകെ നഷ്ടം (874 + 44 + 18 ) | 936 രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് നഷ്ടതുകയായ 936/- രൂപ അപാകത സൂചിപ്പിച്ച് നൽകിയ എൻക്വയറിക്ക് (11/26.02.2019) മേൽ കെട്ടിടത്തിൽ നിലവിൽ മരവ്യവസായ യൂണിറ്റ് പ്രവർത്തിച്ചു വരുന്നുണ്ടെന്നും ആയതിനാൽ 50 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി. ഉത്തരവാദികളിൽ നിന്നും തുക ഈടാക്കേണ്ടതും ഡിമാന്റ് ക്രമീകരിക്കേണ്ടതുമാണ് .

## 2-3 വാർത്താവിനിമയ ഗോപുരം - പെർമിറ്റ് നൽകിയതിലെ അപാകത

റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, പി.കെ ടവർ, മാമംഗലം, നിയർ യാത്രി നിവാസ്, പാലാരിവട്ടം. പി.ഒ, എറണാകുളം, കേരള എന്ന സ്ഥാപനം കോട്ടക്കൽ വില്ലേജിലെ റീ സർവ്വേ നമ്പർ: 302/7 ൽ ഉൾപ്പെട്ട സ്ഥലത്ത് വാർത്താവിനിമയ ഗോപുരം നിർമ്മിക്കുന്നതിനുള്ള പെർമിറ്റിന് വേണ്ടി 31.01.2018 ന് നഗരസഭയിൽ അപേക്ഷ സമർപ്പിച്ചു. അപേക്ഷ പ്രകാരം 10,840/- (അനുബന്ധ മുറികളുടെ പെർമിറ്റ് ഫീസടക്കം)

രൂപ പെർമിറ്റ് ഫീസ് ഈടാക്കി 03.02.2018 ന് 636/17-18 നമ്പർ പ്രകാരം നഗരസഭ പെർമിറ്റ് അനുവദിക്കുകയും ചെയ്തു.

പെർമിറ്റ് അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1).1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 141 പ്രകാരം വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റിനുള്ള അപേക്ഷാ ഫീസ് ആയിരം രൂപയും പെർമിറ്റ് ഫീസ് താഴെപ്പറയും പ്രകാരം ഈടാക്കേണ്ടതുമാണ്.

ഗോപുരങ്ങൾ (എത്ര ഉയരമുള്ള ഗോപുരങ്ങൾക്കും ) - 10,000/-

തൂൺ നിർമ്മാണങ്ങൾ (എത്രയെങ്കിലും തൂണുകളുള്ള ഒരു യൂണിറ്റിന് ) - 2,500/-

അനുബന്ധ മുറികൾ - വിസ്തീർണ്ണത്തിന് അനുസൃതമായി

<u>ഈടാക്കിയ ഫീസ് വിവരം</u>

അപേക്ഷാ ഫീസ്- 1000/- രൂപ ( രശീതി നമ്പർ. 118010108257/30.08.2018)

പെർമിറ്റ് ഫീസ് (അനുബന്ധ മുറികളുടെ പെർമിറ്റ് ഫീസ്അടക്കം)- 10,840/-( രശീതി നമ്പർ. 118010108250/30.08.2018)

എന്നാൽ തൂൺ നിർമ്മാണത്തിനു തുക ഈടാക്കിയിട്ടില്ല.

2).1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 141(9) പ്രകാരം വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റ് കാലാവധി ഒരു വർഷമാണ്. എന്നാൽ നഗരസഭ അനുവദിച്ചിരിക്കുന്ന പെർമിറ്റ് പ്രകാരം പെർമിറ്റ് കാലാവധി 3 വർഷമാണ് (03.02.2018 മുതൽ 02.02.2021 വരെ). ചട്ടപ്രകാരമാണ് പെർമിറ്റ് അനുവദിച്ചിരുന്നതെങ്കിൽ കാലാവധി 02.02.2019 ന് അവസാനിക്കുമായിരുന്നു. ചട്ടം 141 ഉപചട്ടം 10,12 എന്നിവ പ്രകാരം പെർമിറ്റിന്റെ കാലാവധി നീട്ടിക്കിട്ടുന്നതിന് അതിന്റെ സാധുതാ കാലാവധിയിൽ തന്നെ അപേക്ഷിക്കുന്ന പക്ഷം, അസൽ പെർമിറ്റിന്റെ നിലവിലുള്ള ഫീസിന്റെ 50% ഈടാക്കി പെർമിറ്റ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്.

പ്രസ്തുത ചട്ടത്തിലെ ചട്ടം 142 പ്രകാരം നിർമ്മാണം പൂർത്തിയായ ശേഷം അപേക്ഷകനും എഞ്ചിനീയറും പൂർത്തീകരണ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതും, സെക്രട്ടറി ആയത് ബോദ്ധ്യപ്പെട്ടതിന് ശേഷം നമ്പർ നൽകി ഉപയോഗ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 1/21.02.2019 ഓഡിറ്റ് എൻക്വയറിക്ക് തൂൺ നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീസ് 2500/- രൂപ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു. പെർമിറ്റ് കാലാവധി 3 വർഷം എന്ന് തെറ്റായി രേഖപ്പെടുത്തിയതാണെന്നും യഥാർത്ഥ പെർമിറ്റ് കാലാവധി 01.09.2018 മുതൽ 31.08.2019 വരെയാണെന്ന വിവരം പ്രസ്തുത കമ്പനിയെ രേഖാമൂലം അറിയിക്കുന്നതാണെന്നുമുള്ള മറുപടി അംഗീകരിക്കാവുന്നതല്ല.

മൂന്ന് വർഷത്തേക്ക് പെർമിറ്റ് അനുവദിച്ചത് കാരണം, അപേക്ഷകൻ ഒരു വർഷത്തിനുള്ളിൽ പെർമിറ്റ് പുതുക്കുകയോ, പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഇത് മൂലം ഒരു വർഷത്തിന് ശേഷം പെർമിറ്റ് പുതുക്കുമ്പോൾ ഫീസിനത്തിൽ ലഭിക്കുമായിരുന്ന 6,670/-(അനുബന്ധ മുറികൾ, ഗോപുരം, തൂൺ എന്നിവയുടെ പെർമിറ്റ് ഫീസിന്റെ 50%)50/1000(10840+2500) രൂപയും നഗരസഭക്ക് നഷ്ടമായിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ടവറിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 2-4 പൊതു സ്ഥലങ്ങളിൽ പരസ്യബോർഡുകളും കമാനങ്ങളും സ്ഥാപിയ്ക്കൽ -ഫീസ് നിരക്ക് നിശ്ചയിച്ചില്ല.

1999 ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ

ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം മുനിസിപ്പാലിറ്റിയുടെ ലൈസൻസ് കൂടാതെ മുനിസിപ്പൽ പ്രദേശത്തിനുള്ളിലുള്ള ഏതെങ്കിലും പൊതു തെരുവിലോ, റോഡിലോ പൊതുസ്ഥലത്തോ അതിന് മുകളിലോ ഏതെങ്കിലും തരത്തിലുള്ള കമാനങ്ങളോ പരസ്യബോർഡുകളോ സ്ഥാപിക്കാൻ പാടില്ലാത്തതാണ്. ചട്ടം 4 പ്രകാരം കമാനങ്ങളോ പരസ്യ ബോർഡുകളോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നവർ കമാനത്തിന്റെയോ പരസ്യ ബോർഡിന്റെയോ വിശദ വിവരം കാണിക്കുന്ന പ്ലാൻ സഹിതം സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതും 6-ാം ചട്ട പ്രകാരം കൗൺസിൽ നിശ്ചയിച്ച നിരക്കിൽ ഫീസ് ഈടാക്കേണ്ടതുമാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ ഇപ്രകാരമുള്ള വരവ് നഗരസഭക്ക് ലഭിച്ചതായി കാണുന്നില്ല. ആയതിന്റെ കാരണം വിശദമാക്കേണ്ടതും കൗൺസിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം - 8/26.02.2019) 2017-18 വർഷത്തിൽ പരസ്യബോർഡുകൾ സ്ഥാപിയ്ക്കുന്നതിന് ആരും അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്.ഫീസ് നിരക്ക് നിശ്ചയിച്ചുവോയെന്ന് വ്യക്തമല്ല. ഇത് മൂലം പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിലെ നിയന്ത്രണം സാധ്യമാവാതെ വരികയും നഗരസഭയുടെ തനത് വരുമാനത്തിൽ കുറവ് സംഭവിക്കുകയും ചെയ്യുന്നുണ്ട്. ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മുനിസിപ്പൽ കൗൺസിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യം ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-5 തൊഴിൽ നികുതി - രേഖകൾ ലഭ്യമാക്കിയില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 245 (എ) (i) പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്തിനുള്ളിലോ ,മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ താമസിച്ച കൊണ്ട് ജോലിയോ ബിസിനസോ നടത്തുകയോ ,പൊതുവോ ,സ്വകാര്യമോ ആയ ഉദ്യോഗം വഹിയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും 2005 ലെ കേരള മുനിസിപ്പാലിറ്റി( തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(1)(2) ലെ പട്ടിക പ്രകാരം പ്രസ്തുത മുനിസിപ്പാലിറ്റിയിൽ തൊഴിൽ നികുതി അടവാക്കേണ്ടതാണ്.

2005 ലെ കേരള മുനിസിപ്പാലിറ്റി( തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4(3) പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായിട്ടുള്ളവരിൽ നിന്നും അർദ്ധ വാർഷിക വരുമാനം കാണിയ്ക്കുന്ന റിട്ടേൺ ഒാരോ അർദ്ധവർഷത്തിലും ആവശ്യപ്പെടേണ്ടതാണ്.കൂടാതെ, 2005 ലെ കേരള മുനിസിപ്പാലിറ്റി( തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിയ്ക്കേണ്ടതാണ്.

2017-18 വർഷത്തിൽ വാർഷികകണക്ക് പ്രകാരം തൊഴിൽ നികുതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| | ജീവനക്കാർ | വ്യാപാരികൾ | ആകെ |
|---|---|---|---|
| തൻവർഷം ഡിമാന്റ് - | 85,47,411 | 19,93,549 | 1,05,40,960 |
| കളക്ഷൻ - | 84,78,111 | 19,93,549 | 1,04,71,660 |
| മുൻവർഷ കുടിശ്ശിക ബാക്കി | | | 97,62,863 |
| തൻവർഷം<br>കുടിശ്ശിക കളക്ഷൻ | | | 2,02,070 |

2017-18 വർഷത്തിൽ വാർഷികകണക്ക് പ്രകാരം 97,24,445 രൂപ തൊഴിൽ നികുതി പരിച്ചെടുക്കുവാൻ ബാക്കിയുണ്ട് .(കുടിശ്ശിക കണക്ക് തൻവർഷത്തെയും മുൻവർഷത്തെയും വേർത്തിരിച്ച് വാർഷികകണക്കിൽ ലഭ്യമല്ല)

എന്നാൽ മേൽ കണക്കുകൾ പരിശോധിയ്ക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം. 2 /25.02.2019)മറുപടി ലഭ്യമാക്കാത്തതിൽ നിന്നും തൊഴിൽ നികുതി സംബന്ധിച്ച താഴെ പറയുന്ന രേഖകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല എന്ന് വ്യക്തമായി.

1)തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ

2)തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും തൊഴിൽ നികുതി അടവാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഡിമാന്റ് നോട്ടീസ് വിവരങ്ങൾ

3) ആയതിൽ പ്രകാരം സ്ഥാപനങ്ങളും വ്യക്തികളും സമർപ്പിച്ച രണ്ട് അർദ്ധ വർഷങ്ങളിലെയും മുഴുവൻ തൊഴിൽ നികുതി റിട്ടേണുകൾ

4)തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പട്ടിക

5)തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ

രേഖകളുടെ അഭാവത്തിൽ മേൽ കണക്കുകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിയ്ക്കാനായിട്ടില്ല.നികുതിയിനത്തിൽ നഗരസഭയ്ക്ക് ലഭിയ്ക്കുവാനുള്ള കുടിശ്ശിക മൂന്നുവർഷതിനകം പരിച്ചുടുക്കാത്തപക്ഷം കാലാഹരണ നിയമം ബാധകമാവുന്നതും തുക പിരിച്ചെടുക്കാൻ സാധിയ്ക്കാതെ വരികയും ചെയ്യും.അപ്രകാരം തുക പരിച്ചുടുക്കാൻ സാധിയ്ക്കാത്ത പക്ഷം നഗരസഭയ്ക്കുണ്ടാകുന്ന നഷ്ടം വിഴ്ചക്ക് ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്.നികുതി പരിവ്യസംബന്ധിച്ച് നിർണ്ണായക പങ്കുവഹിയ്ക്കുവാൻ സാധിക്കുന്ന വികസന/ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റികൾ ഈക്കാര്യത്തിൽ വീഴ്ച വരുത്തിയതായി രേഖകൾ പരിശോധിച്ചതിൽ വ്യക്തമായി .

രേഖകൾ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ററ് സെക്ഷൻ 11(1) (ബി) പ്രകാരം സമൻസ് അയച്ചതിൽ നഗരസഭയിൽ നിലവിൽ ലഭ്യമായ 2017-18 വർഷത്തെ റിട്ടേണുകൾ, സാംഖ്യഅക്കൗണ്ടിംഗ് സിസ്റ്റത്തിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കുകയുണ്ടായി.എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പട്ടിക എന്നീ അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കാതിരുന്നതിനാൽ ആയവ പരിശോധിയ്ക്കുവാൻ സാധിച്ചിട്ടില്ല. രേഖകൾ തയ്യാറാക്കി വരുന്നുണ്ടെന്നും ആയവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും വാക്കാൽ അറിയിച്ചു. തൊഴിൽ നികുതി സംബന്ധിച്ച മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-6 വാടക ഈടാക്കൽ- അപാകതകൾ

2017-18 വർഷത്തിൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലെ വിവിധ കടമുറികളിൽ നിന്നും വാടക ഈടാക്കിയത് സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1)വാടക കുടിശ്ശിക പരിച്ചെടുത്തില്ല.</u>

2017-18 വർഷത്തിൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലെ വിവിധ കടമുറികൾ ലേലം കൊണ്ട താഴെ പറയുന്ന വാടകക്കാരിൽ നിന്നും കുടിശ്ശിക ഈടാക്കുവാൻ ബാക്കിയുണ്ട്.തുക പലിശ സഹിതം ഈടാക്കിയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമനം. | വാടകക്കാരന്റെ പേരും വിലാസവും | റൂം നമ്പർ | കുടിശ്ശിക ബാക്കി |
|---|---|---|---|
| 1 | പുതുകുടി കുഞ്ഞഹമ്മദ് | മീറ്റ് സ്റ്റാൾ-3(ന്യൂ -9, 4141) | വാടക3150+സർവ്വീസ് ടാക്സ് (18%)567*12= 44,604 |
| 2 | പഞ്ചിളി മുഹമ്മദ് ഷുക്കൂർ | വെജ്.സ്റ്റാൾ -11 (5114) | വാടക1500+സർവ്വീസ് ടാക്സ് (18%)270*12= 21,240 |
| 3 | കായംപുളാത്തിൽ സജാദ് | നം. ലൈമൺ സ്റ്റാൾ -39D | വാടക1000+സർവ്വീസ് ടാക്സ് (18%)180*12= 14160 |
| 4 | പുതുകുടി റംഷിദ് | റൂം നം. 105,(2105 ) | വാടക3300+സർവ്വീസ് ടാക്സ് (18%)594*1= 3894 |

| | | | |
|---|---|---|---|
| 5 | പുതുകുടി കുഞ്ഞു മുഹമ്മദ് | റൂം നം. 122,(2122 ) | വാടക3000+സർവ്വീസ് ടാക്സ് (18%)540*2= 7080 |
| 6 | പുതുകുടി കുഞ്ഞു മുഹമ്മദ് | റൂം നം. 127,(2127 ) | വാടക1500+സർവ്വീസ് ടാക്സ് (18%)270*2= 3450 |

2)<u>ബൈലോ തയ്യാറാക്കിയില്ല.</u>

നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങളിലെ മുറികൾ വാടകയ്ക്ക് കൊടുക്കുന്നത് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 215 കേരള മുനിസിപ്പാലിറ്റി വസ്തു ആർജ്ജിയ്ക്കലും കൈയോഴിയലും ചട്ടങ്ങൾ പ്രകാരവും ,കൗൺസിൽ അംഗീകരിച്ച് വകുപ്പ് 572 (1)(2) എന്നിവ പാലിച്ചു കൊണ്ട് തയ്യാറാക്കുന്ന ബൈലോ പ്രകാരവുമാണ്. എന്നാൽ നഗരസഭ രൂപീകരിച്ച് നാളിതുവരെയും ബൈലോ തയ്യാറാക്കിയിട്ടില്ല.നിയമാവലി തയ്യാറാക്കാത്ത പക്ഷം വാടകകാരിൽ നിന്നും കൃത്യമായി നികുതി ഈടാക്കുന്നതിനും കുടിശ്ശിക വരുത്തുന്നപക്ഷം സത്വര നടപടികൾ സ്വീകരിയ്ക്കുന്നതിനും നഗരസഭയ്ക്കുള്ള അവകാശം പരിമിതപ്പെടുന്നതാണ്.2016-17 വർഷത്തിൽ 100% വാടക കുടിശ്ശിക വരുത്തിയവർക്കും യാതൊരു നടപടിയും കൂടാതെ 2017-18 വർഷത്തേക്കും റൂം വാടകയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട് (ഉദ.മേൽ ക്രമനം. 1,2 ).
വാർഷിക കണക്ക് പ്രകാരം 1,15,57,612 രൂപയാണ് ഈ ഇനത്തിൽ 2017-18 വർഷത്തിലെ ഡിമാന്റ് തുക.നഗരസഭയുടെ സുപ്രധാന വരുമാനമാർഗ്ഗം കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനായി അപാകത പരിഹരിയ്ക്കുവാൻ സത്വര നടപടികൾ സ്വീകരിയക്കേണ്ടതാണ്.

2014-15 വർഷത്തിൽ റൂമുകളുടെ പ്ലിന്റ് ഏരിയ അടിസ്ഥാനത്തിൽ വാടക നിർണ്ണയിച്ച ശേഷം നാളിതുവരെയും നഗരസഭ റൂമുകളുടെ വാടകയിൽ വർദ്ധന വരുത്തിയിട്ടില്ല.

( ഓഡിറ്റ് എൻക്വയറി നം.15 / 27.02.2019 )

## 2-7 രശീതി ഉപയോഗത്തിലുള്ള അപാകതകൾ.

നഗരസഭയിൽ ഉപയോഗിച്ച രശീതി ബുക്കുകൾ പരിശോധിച്ചതിൽ രശീതി ബുക്കുകളുടെ സ്റ്റോക്ക് , ഇഷ്യൂ, ഉപയോഗം എന്നിവയിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

സ്റ്റോക്ക് രജിസ്റ്ററിൽ രശീതി ബുക്കുകൾ ലഭിച്ചതിന്റെ വിവരം ചേർത്തിട്ടില്ല. 15.02.2016 മുതൽ 23.01.2019 വരെ രശീതി ബുക്കുകൾ ഇഷ്യൂ ചെയ്ത വിവരം മാത്രം രേഖപ്പെടുത്തിയ രജിസ്റ്ററാണ് പരിശോധനക്ക് ഹാജരാക്കിയത്.

1). 15.02.2016 ന് സ്റ്റോക്കിൽ എത്ര രശീതി ബുക്കുകളുണ്ടെന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല.

2). ഈ രജിസ്റ്റർ പ്രകാരം ബുക്ക് നമ്പർ 437 മുതൽ 487 വരെയുള്ള രശീതി ബുക്കുകൾ ഈ കാലയളവിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഇഷ്യൂ ചെയ്തിട്ടുണ്ട്. എന്നാൽ നീക്കിരുപ്പ് വിവരം ലഭ്യമല്ല.

3). സീനിയർ വെറ്ററിനറി സർജൻ 01.12.2017 ൽ 468 മുതൽ 477 വരെയുള്ള 10 രശീതി ബുക്കുകൾ നൽകുകയും തുടർന്ന് 470 മുതൽ 477 വരെയുള്ള ബുക്കുകൾ തിരിച്ചുനൽകിയതായും കാണുന്നു. എന്നാൽ ഈ കാലയളവിൽ സീനിയർ വെറ്ററിനറി സർജൻ 2017 – 18 വർഷത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി സ്റ്റോക്ക് രജിസ്റ്ററിൽ യാതൊരു രേഖപ്പെടുത്തലുകളും വരുത്താത്ത "ഗുണഭോക്തൃവിഹിതം- രശീതി, ഇംപ്ളിമെന്റിംഗ് ഓഫീസർ- കോട്ടക്കൽ നഗരസഭ"എന്ന പേരിൽ അച്ചടിച്ച 2, 3, 14, 15, 16 എന്നീ നമ്പറുകളുള്ള രശീതി ബുക്കുകൾ ഉപയോഗിച്ചാണ് ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതായി കാണുന്നത്. എന്നാൽ ഇത്തരത്തിലുള്ള എത്ര രശീതി ബുക്കുകൾ അച്ചടിച്ചിട്ടുണ്ടെന്നോ എത്ര വിതരണം ചെയ്തിട്ടുണ്ടെന്നോ വ്യക്തമല്ല.

4). 2017 – 18 വർഷത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നതിനായി സീനിയർ വെറ്ററിനറി സർജൻ ഉപയോഗിച്ച 2, 3, 14, 15, 16 എന്നീ നമ്പറുകളുള്ള രശീതി ബുക്കുകളുടേയും കൃഷി ഓഫീസർ ഉപയോഗിച്ച 4 മുതൽ 13 വരെയുള്ള ബുക്കുകളുടേയും സ്റ്റോക്ക് , ഇഷ്യൂ വിവരം പരിശോധനക്ക് ഹാജരാക്കിയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഈ രശീതി ബുക്കുകൾ എങ്ങനെ ലഭ്യമായെന്ന് വ്യക്തമല്ല. ഈ രശീതി ബുക്ക് പ്രകാരം പണം അടവാക്കുന്ന ഗുണഭോക്താവിന് നൽകുന്ന രശീതിയിൽ രശീതി നൽകുന്ന സ്ഥാപനം, സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ, തുക

അടവാക്കുന്നതിന്റെ ആവശ്യം എന്നിവയൊന്നും രേഖപ്പെടുത്തുന്നില്ല. കൂടാതെ നഗരസഭയിൽ പണം പരിവിനായി ചട്ടപ്രകാരം നിർദേശിച്ച മാതൃകയിലുള്ള രശീതികൾ ഉപയോഗിക്കണമെന്നിരിക്കെ ഇത്തരത്തിലുള്ള രശീതികൾ ഉപയോഗിച്ചത് അംഗീകരിക്കാവുന്നതല്ല.

5). 2017- 18 വർഷത്തിൽ ലൈബ്രറിയിൽ നിന്നും 26,781/- രൂപ വരവുണ്ട്. എന്നാൽ പണം പിരിവിനായി രശീതി ബുക്കുകൾ ഇഷ്യൂ ചെയ്തിട്ടില്ല. ലൈബ്രറി മെമ്പർമാരിൽ നിന്നും തുക പിരിച്ചെടുത്തതിനുശേഷം ഫ്രണ്ട് ഓഫീസിൽ അടക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ആയതിനാൽ പിരിച്ചെടുത്ത മുഴുവൻ തുകയും യഥാസമയം അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനാവുന്നില്ല. പിരിവിനായി രശീതി ബുക്കുകൾ ഇഷ്യൂ ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

രശീതി ബുക്കുകളുടെ സ്റ്റോക്ക് , ഇഷ്യൂ എന്നിവയിൽ സൂക്ഷ്മത പുലർത്തിയതായി കാണുന്നില്ല. ആയത് രശീതികളുടെ ദുരുപയോഗത്തിന് ഇടയാക്കുമെന്നതിനാൽ ഇത്തരത്തിലുള്ള നടപടി അംഗീകരിക്കാവുന്നതല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ 14/27.02.2019 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കി.

15.02.2016 ന് മുമ്പുള്ള സ്റ്റോക്ക് രജിസ്റ്റർ ലഭിക്കാത്തതിനാലാണ് 16.02.2016 ന് സ്റ്റോക്കിലുള്ള രശീതി ബുക്കുകളുടെ വിവരം രേഖപ്പെടുത്താൻ സാധിക്കാഞ്ഞത് എന്നും 488 മുതൽ 500 വരെയുള്ള ബാക്കി രശീതി ബുക്കുകൾ സ്റ്റോറിൽ സൂക്ഷിച്ചിട്ടുള്ളതാണെന്നും നീക്കിയിരിപ്പ് വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. കൂടാതെ സീനിയർ വെറ്ററിനറി സർജൻ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനായി അച്ചടിച്ച രശീതി ബുക്ക് പ്രകാരമുള്ള തുക നഗരസഭ ക്യാഷ് കൗണ്ടറിൽ വരവ് വന്നിട്ടുള്ളതാണെന്നും ഈ രശീതി ബുക്കുകൾ നഗരസഭ അച്ചടിച്ചതല്ലാത്തതിനാൽ സ്റ്റോക്ക് എൻട്രി നടത്താൻ സാധിച്ചിട്ടില്ലാത്തതാണെന്നും ഇപ്പോൾ നിശ്ചിത മാതൃകയിലുള്ള എം.ടി.എഫ് നമ്പ്ര് 2 രശീതി ബുക്കാണ് ഇഷ്യൂ ചെയ്തിട്ടുള്ളതെന്നും അറിയിച്ചു. പിരിച്ചെടുക്കുന്ന മുഴുവൻ തുകയും യഥാസമയം അടവാക്കുന്നതാണെന്നും ഇനി മുതൽ ലൈബ്രറി മെമ്പർഷിപ്പ് പിരിവിനായി രശീതി ബുക്ക് ഉപയോഗിക്കുന്നതാണെന്നും അറിയിച്ചു.

സീനിയർ വെറ്ററനറി സർജൻ, കൃഷി ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ഉപയോഗിച്ച 2 മുതൽ 16 വരെയുള്ള “ഗുണഭോക്തൃ വിഹിതം – രശീതി ഇംപ്ലിമെന്റിംഗ് ഓഫീസർ , കോട്ടക്കൽ നഗരസഭ” എന്ന പേരിൽ അച്ചടിച്ച രശീതി ബുക്കുകൾ നഗരസഭ അച്ചടിച്ച രശീതി ബുക്കുകൾ അല്ലാത്തതിനാലാണ് സ്റ്റോക്കിൽ രേഖപ്പെടുത്താത്തതെന്ന സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച മാതൃകയിലുള്ള രശീതികൾ ലഭ്യമായതെങ്ങനെയെന്ന് വ്യക്തമാക്കാൻ കൃഷി ഓഫീസർ, സീനിയർ വെറ്ററനറി സർജൻ എന്നിവരോട് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (19/01.03.2019, 20/01.03.2019) ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനായി രശീതി ബുക്കുകൾ അച്ചടിക്കുകയോ പുറമെ നിന്ന് വാങ്ങുകയോ ചെയ്തിട്ടില്ലെന്നും പ്രസ്തുത രശീതി ബുക്കുകൾ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനായി കോട്ടക്കൽ നഗരസഭയിൽ നിന്ന് നൽകിയതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥർ മറുപടി നൽകി.

സ്റ്റോറിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് സൂചിപ്പിച്ച 488 മുതൽ 500 വരെ നമ്പറുള്ള രശീതി ബുക്കുകളുടെ സ്റ്റോക്ക് വേരിഫൈ ചെയ്യുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ സ്റ്റോർ പരിശോധിച്ചപ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ ഉപയോഗിച്ച രശീതി ബുക്കുകളുടെ സമാന സ്വഭാവമുള്ളവ (17,18,19,20 എന്നീ നമ്പറുകളുള്ള) സൂക്ഷിക്കുന്നതായി ബോധ്യപ്പെട്ടു. കൂടാതെ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങിയ 1 മുതൽ 200 വരെയുള്ള രശീതി ബുക്കുകളും സൂക്ഷിച്ചിട്ടുണ്ട്. അന്വേഷണത്തിൽ ഈ രശീതി ബുക്കുകൾ ഇൻവോയ്സ് നമ്പർ.2982/16-17 തി.07.02.2017 പ്രകാരം വാങ്ങിയതാണെന്ന് വ്യക്തമായി. എന്നാൽ നാളിതുവരേയും ഇവ സ്റ്റോക്കിൽ ചേർത്തിട്ടില്ല.

ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കാനായി ഉപയോഗിച്ച 2 മുതൽ 16 വരെയുള്ളവ കൃഷി ഓഫീസർ, വെറ്ററിനറി സർജൻ എന്നിവർ ഉപയോഗിക്കുകയും 17 മുതൽ 20 വരെയുള്ളവ നഗരസഭയുടെ സ്റ്റോറിൽ കാണുകയും ചെയ്തു. എന്നാൽ രശീതി ബുക്ക് നമ്പർ 1 നിർവ്വഹണ ഉദ്യോഗസ്ഥർ പരിശോധനക്ക് ഹാജരാക്കുകയോ സ്റ്റോറിൽ നിന്ന് ലഭ്യമാവുകയോ ചെയ്തിട്ടില്ല. ഇതിന്റെ ഉപയോഗം സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ ആയത് സംബന്ധിച്ച് അന്വേഷണം ആവശ്യമാണ്.

നഗരസഭയുടെ സ്റ്റോറിൽ നിന്നും സമാന സ്വഭാവമുള്ള രശീതി ബുക്കുകൾ ലഭ്യമായതിനാലും നിർവ്വഹണ

ഉദ്യോഗസ്ഥരുടെ മറുപടിയുടെ അടിസ്ഥാനത്തിലും മേൽ രശീതി ബുക്കുകൾ നഗരസഭ അച്ചടിച്ച് വിതരണം ചെയ്തതാണെന്ന് വ്യക്തമാണ്. ചട്ടപ്രകാരമുള്ള മാതൃകയിലുള്ള രശീതി ബുക്കുകൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്തതിന് ശേഷം ആയത് തിരിച്ച് വാങ്ങി ഇത്തരത്തിലുള്ള രശീതി ബുക്കുകൾ ഇഷ്യു ചെയ്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ ഇവ നഗരസഭയിൽ നിന്നും വിതരണം ചെയ്തതല്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥർ അച്ചടിച്ചുപയോഗിച്ചതാണെന്നുമുള്ള മറുപടിയും അംഗീകരിക്കാവുന്നതല്ല. രശീതി ബുക്കുകൾ യാതൊരു സൂക്ഷ്മതയും പുലർത്താതെ കൈകാര്യം ചെയ്ത ജിവനക്കാർക്കെതിരെ വകുപ്പ് തല അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഓഡിറ്റിന് ലഭ്യമാക്കാത്ത രശീതി ബുക്ക് നമ്പർ.1 അടിയന്തിരമായി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഒരേ സമയം രണ്ട് വിധം രശീതി ബുക്കുകൾ ഉപയോഗിച്ച് പിരിവ് നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-8 ടെലികമ്മ്യൂണിക്കേഷൻ ടവർ – വസ്തു നികുതി കുടിശ്ശിക ഈടാക്കിയില്ല.

നഗരസഭയിൽ പ്രവർത്തിക്കുന്ന ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി 400/ച.മീ ആയി നിശ്ചയിക്കുകയും ആയത് പ്രകാരം വസ്തു നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ ഉടമസ്ഥരിൽ നിന്നും വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദ വിവരം ചുവടെ നൽകുന്നു.

| ടവർ | വാർഡ്/ നമ്പർ | ഡിമാന്റ് ചെയ്ത തുക | ഈടാക്കിയ തുക | കുടിശ്ശിക |
|---|---|---|---|---|
| റിലയൻസ് ഇൻഫോ കോം | III/30A | 101694 | -- | 101694 |
| എ.ടി.സി ടെലികോം ഇൻഫ്രാ സ്ടക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | I/1020A | 101694 | -- | 101694 |
| വയർലെസ് .ടി.ടി സർവ്വീസ് ഇൻഫോ ലിമിറ്റഡ് | I/13B | 101694 | -- | 101694 |
| ന്യൂ ഇന്ത്യ സെല്ലുലാർ ലിമിറ്റഡ് | I/79A | 101694 | 28156 | 73538 |
| ഇന്റസ് ടവർ | III/1256A | 101694 | -- | 101694 |
| റിലയൻസ് ഇൻഫോടെൽ പ്രൈവറ്റ് ലിമിറ്റഡ് | III/33A | 83208 | -- | 83208 |
| എ.ടി.സി ടെലികോം ഇൻഫ്രാ സ്ടക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | III/33B | 83208 | -- | 83208 |
| എൻ.ഡബ്ല്യൂ.എസ് ഐഡിയൽ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | XVIII/143C | 83208 | 16220 | 66988 |
| ഇന്റസ് ടവർ, ഭാരത് എയർടെൽ ടവർ | XVIII/40 | 101118 | -- | 101118 |
| ടവർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | XVIII/143B | 109668 | 99086 | 10582 |
| ആകെ | | 968880 | 143462 | 825418 |

കുടിശ്ശിക തുക കാലാഹരണപ്പെടുന്നതിന് മുമ്പ് പിരിച്ചെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം-34/02.03.2019 – മറുപടി ലഭ്യമാക്കിയിട്ടില്ല)

# 2-9 മുനിസിപ്പാലിറ്റിയുടെ തനതുവരുമാനം ഒന്നിലധികം ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു.

തനതു വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിനുപുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ട് മാത്രം ഉപയോഗിക്കാവുന്നതാണെന്ന് സർക്കുലർ നം. 58725 ഫിൻ/ 3/2008 തസ്വഭവ തിയതി. 26.05.2011 പ്രകാരം വ്യക്തമാക്കുന്നുണ്ട്. എന്നാൽ കോട്ടക്കൽ നഗരസഭയിൽ തനതു വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിനുപുറമെ ഒന്നിലധികം അക്കൗണ്ടുകൾ ഉപയോഗിക്കുന്നതായി കാണുന്നു.

| ബാങ്ക് | അക്കൗണ്ട് നമ്പർ | നീക്കിയിരുപ്പ് |
|---|---|---|
| ഐ.സി.ഐ.സി.ഐ | 094201001666 | 21621615.00<br>( 31.01.2019 ന് ) |
| ഐ.സി.ഐ.സി.ഐ | 094205000488 | 301869.00<br>( 31.03.2018 ന് ) |
| കോട്ടക്കൽ സർവ്വീസ് സഹകരണ ബാങ്ക് | 102100010000014 | 39880169.00<br>( 15.02.2019 ന് ) |

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഒന്നിലധികം അക്കൗണ്ടുകൾ ഉപയോഗിക്കുന്നതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നമ്പർ. 18/01.03.2019 ), നഗരസഭയുടെ തനത് ഫണ്ട് നിക്ഷേപിച്ചിരുന്നത് കോട്ടക്കൽ സർവ്വീസ് സഹകരണ ബാങ്കിലെ 102100010000014 നമ്പർ അക്കൗണ്ടിലായിരുന്നുവെന്നും നോട്ട് നിരോധനവുമായി ബന്ധപ്പെട്ട് സഹകരണ ബാങ്കുകളിലെ ഇടപാടുകൾ തടസ്സപ്പെട്ട കാലയളവിലെ തനത് ഫണ്ട്, ജീവനക്കാരുടെ ശമ്പളം ബാങ്ക് അക്കൗണ്ട് മുഖേനയാക്കുന്നതിന് വേണ്ടി ആരംഭിച്ച ഐ.സി.ഐ.സി.ഐ ബാങ്കിലെ 094205000488 നമ്പർ അക്കൗണ്ടിൽ നിക്ഷേപിക്കുകയുമാണ് ചെയ്തത് എന്നും അറിയിച്ചു. ഈ അക്കൗണ്ട് കറന്റ് അക്കൗണ്ട് ആയതിനാൽ 09.05.2018 ന് ക്ലോസ് ചെയ്ത് ബാലൻസ് തുക ഐ.സി.ഐ.സി.ഐ ബാങ്കിലെ തന്നെ 094201001666 നമ്പർ അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടുണ്ട് എന്നുമറിയിച്ചു. തനത് ഫണ്ട് നിലവിൽ രണ്ട് ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ഇത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. തനത് ഫണ്ടിന് വേണ്ടി സൗകര്യപ്രദമായ ഒരു ബാങ്ക് അക്കൊണ്ട് മാത്രം നിലനിർത്തേണ്ടതാണ്.

# 2-10 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ.

2011- ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം കോട്ടക്കൽ നഗരസഭയുടെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ പറയുന്ന പ്രകാരമാണ് കൗൺസിൽ നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 40 രൂപ/ ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 70 രൂപ/ ച.മീ |

നഗരസഭയിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് കാരണം വ്യക്തമാക്കാതെ ഒന്നിലധികം കെട്ടിടനമ്പറുകൾ

അനുവദിക്കുകയും അപ്രകാരമുള്ള തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്യുന്നത്.

ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ് (ചട്ടം 3(4)). എന്നാൽ ഇത് വ്യക്തമായ കാരണങ്ങളാൽ പ്രത്യേകമായ നമ്പറുകൾ നൽകിയ നിലവിലുള്ള കെട്ടിടങ്ങളുടെ കാര്യമാണ് എന്ന് വ്യക്തമാണ്. വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ, പ്രത്യേകം നമ്പറിന് വേണ്ടി കെട്ടിടയുടമ അപേക്ഷിക്കുക പോലും ചെയ്യാതെ ചട്ടം നിലവിൽ വന്നതിന് ശേഷം മാത്രം നിർമ്മാണം പൂർത്തീകരിച്ച ഇത്തരം കെട്ടിടങ്ങൾക്ക് നഗരസഭ ഏകപക്ഷീയമായി നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ടവിരുദ്ധമാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ നഗരസഭക്ക് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്.

ചട്ടം (5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതാത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് കെട്ടിടനമ്പർ നൽകാവുന്നതാണ്. എന്നാൽ ഒരേ വിനിയോഗത്തിലുള്ള കെട്ടിടങ്ങൾക്ക് ഈ ആനുകൂല്യത്തിന് അർഹതയില്ല. നികുതി നിർണ്ണയത്തിലുള്ള അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 12/26.02.2019)

## 2-11 കുടുംബശ്രീ സി ഡി എസ് നു കീഴിലുള്ള ടീ ഷോപ്പ് വാടക ഈടാക്കാതെ പ്രവർത്തിയ്ക്കുന്നു.

കോട്ടയ്ക്കൽ നഗരസഭാ ഓഫീസിനു മുന്നിൽ കുടുംബശ്രീ സി ഡി എസ് നു കീഴിലുള്ള ടീ ഷോപ്പ് വാടക ഈടാക്കാതെ പ്രവർത്തിയ്ക്കുന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇതു സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1)കുടുംബശ്രീ സി ഡി എസ് നു കീഴിലുള്ള ടീ ഷോപ്പിന് നഗരസഭ ഓഫീന് മുന്നിൽ സ്ഥലം അനുവദിയ്ക്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനമെടുത്തതിന്റെ വിവരം

2) സ്ഥാപന നടത്തിപ്പ്, വാടക സംബന്ധമായ കരാർ വ്യവസ്ഥകളുണ്ടാക്കിയതിന്റെ രേഖകൾ

ഓഡിറ്റ് എൻക്വയറി വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 13/26.02.2019 ) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-12 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫീ ലഭ്യമായതിന്റെ രേഖകൾ ലഭ്യമല്ല.

**നി.ഉദ്യോഗസ്ഥൻ. മുനിസിപ്പൽ എഞ്ചിനീയർ.**

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം ത സ്വ ഭ വ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ online transaction വഴിയുള്ള ടെണ്ടർ ഫീ വില സ്വീകരിക്കുന്നതിനായി zero balance account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്.മേലുത്തരവ് പ്രകാരം ത സ്വ ഭ വ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. ആയത് പ്രകാരം , കോട്ടക്കൽ നഗരസഭയിൽ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് എത്ര രൂപയാണെന്നും അതിൽ എത്ര രൂപ ലഭ്യമായിട്ടുണ്ട് എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യമുന്നയിച്ച് നൽകിയ 32/2-3-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 2-13 എസ് ബി ടി -ഐ സി ഡി എസ് അക്കൗണ്ടിലെ തുക മുന്നിരിപ്പിൽ ഉൾപ്പെടുത്തിയില്ല

നഗരസഭാ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ട് നം. 67379523750 എസ് ബി ടി -ഐ സി ഡി എസ് അക്കൗണ്ടിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2017 ന് 8,64,725 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ 2017-18 വർഷത്തെ വാർഷിക കണക്കിൽ മുന്നിരിപ്പായി പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടില്ല.2016-17 വർഷത്തെ വാർഷിക കണക്കിൽ നീക്കിയിരപ്പായും പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടില്ല. 31.03.2018 ന് 18,61,660 രൂപ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. 2017-18 ലെ വരവ് കണക്കിൽ നീക്കിയരിപ്പായി ചേർത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുള്ള(നം.31/02.03.19) മറുപടിയിൽ പ്രസ്തുത അക്കൗണ്ട് ആരംഭിച്ചത് 21.10.16 നാണെന്നും 2016-17 ൽ വാർഷികകണക്കിൽ ചേർത്തിട്ടില്ലയെന്നും,ആയതിനാൽ 2017-18 ൽ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല എന്നും മറപടി നൽകി .എന്നാൽ സെക്രട്ടറിയുടെ പേരിലെ അക്കൗണ്ടിൽ മാത്രമാണ് പ്രസ്തുത തുക ക്രഡിറ്റ് ചെയ്യാൻ സാധിയ്ക്കു എന്നിരിക്കേ മേൽ മറുപടി സ്വീകാര്യമല്ല.
ഒരു സ്ഥാപനത്തിന്റെ മുഴുവൻ സാമ്പത്തിക നിലയും പ്രതിപാദിയ്ക്കുന്ന വാർഷികകണക്കിൽ ആ സ്ഥാപനത്തിലെ മുഴുവൻ അക്കൗണ്ടുകളും വാർഷികകണക്കിൽ ഉൾപ്പെടുത്താതിരുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അപാകത വരുത്തിയ അക്കൗണ്ടിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ അക്കൗണ്ട് ആരംഭിച്ചത് എന്നാണെന്നും എന്ന് മുതലാണ് ഇതിലെ വരവ് ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതെന്നുമുള്ള വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 സർക്കാർ മാർഗ്ഗ നിർദ്ദേശത്തിനു വിരുദ്ധമായി പ്രൊമോഷൻ കുടിശ്ശിക അനുവദിച്ചു-മുനിസിപ്പൽ ഫണ്ടിന് 296761 രൂപ നഷ്ടം

ജി.ഒ.പി നം.515/2007/ഫിൻ തീ.19.10.2007, കേരള സർവ്വീസ് റൂൾസ് -2010, 10-ാം ഭേദഗതി ഉത്തരവ് (ജി.ഒ.പി നം.629/2010/ഫിൻ തീ.25.11.2010), എന്നിവ പ്രകാരം ജോലിയുടെ സ്വഭാവത്തിൽ മാറ്റം വരാത്ത പ്രൊമോഷനുകളുടെ കാര്യത്തിൽ, പ്രൊമോഷൻ ഉത്തരവ് തീയതി മുതൽ പരമാവധി ഒരു വർഷം പുറകിലേക്ക് മാത്രമേ മോണിറ്ററി ബെനിഫിറ്റിന് അർഹതയുള്ളൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഇതിനു വിരുദ്ധമായി ഒ.ഷീബ (യു.ഡി.ടൈപ്പിസ്റ്റ്) എന്ന ജീവനക്കാരിക്ക് പ്രൊമോഷനെ തുടർന്നുള്ള ശമ്പളക്കുടിശ്ശിക മുൻകാല പ്രാബല്യമനുസരിച്ച് നൽകിയിട്ടുണ്ട്. നഗരകാര്യ വകുപ്പ് ഡയറക്ടറുടെ ഇ6-19710/13 തീ.01.08.2017 ഉത്തരവ് പ്രകാരം എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും യു.ഡി.ടൈപ്പിസ്റ്റായി, പ്രൊബേഷൻ ഡിക്ലയർ ചെയ്തു 13.10.2011 തീയതിയിൽ ടിയാളുടെ ശമ്പളം നിജപ്പെടുത്തി. വൌച്ചർ നം.21700814/10.01.2018 പ്രകാരം 2011 ഒക്ടോബർ മുതൽ 2017 നവംബർ വരെയുള്ള ശമ്പളക്കുടിശ്ശിക 388341രൂപ അനുവദിച്ചിട്ടുണ്ട്. ക്രമപ്രകാരം പ്രൊമോഷൻ ഉത്തരവ് തീയതിയായ 01.08.2017 പുറകിലേക്ക് ഒരു വർഷത്തെ, അതായത് 2016 ജൂലൈ വരെയുള്ള ശമ്പളക്കുടിശ്ശികയ്ക്ക് മാത്രമാണ് അർഹതയുള്ളത്. ക്രമപ്രകാരമല്ലാതെ കൈപ്പറ്റിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| മാസം | ഡ്യൂ (ആകെ ശമ്പളം) | ഡ്രോൺ (ആകെ ശമ്പളം) | അനുവദിച്ച കുടിശ്ശിക ശമ്പളം |
|---|---|---|---|

| | | | |
|---|---|---|---|
| 10/2011 | 10996 | 8804 | 2192 |
| 11/2011 | 17695 | 14119 | 3576 |
| 12/2011 | 17695 | 14119 | 3576 |
| 01/2012 | 18620 | 14852 | 3768 |
| 02/2012 | 18620 | 14852 | 3768 |
| 03/2012 | 18620 | 14852 | 3768 |
| 04/2012 | 18620 | 14852 | 3768 |
| ELS 30 Days | 18620 | 14852 | 3768 |
| 05/2012 | 18620 | 14852 | 3768 |
| 06/2012 | 18620 | 14852 | 3768 |
| 07/2012 | 19545 | 15586 | 3959 |
| 08/2012 | 18927 | 15096 | 3831 |
| 09/2012 | 19545 | 15978 | 3567 |
| 10/2012 | 20023 | 15978 | 4045 |
| 11/2012 | 20023 | 15978 | 4045 |
| 12/2012 | 20023 | 15978 | 4045 |
| 01/2013 | 17095 | 13654 | 3441 |
| 02/2013 | 21106 | 16838 | 4268 |
| 03/2013 | 21106 | 16838 | 4268 |
| 04/2013 | 21106 | 16838 | 4268 |
| ELS 30 Days | 21106 | 16838 | 4268 |
| 05/2013 | 21106 | 16838 | 4268 |
| 06/2013 | 21106 | 16838 | 4268 |
| 07/2013 | 22460 | 17913 | 4547 |
| 08/2013 | 22460 | 17913 | 4547 |
| 09/2013 | 22460 | 18353 | 4107 |
| 10/2013 | 23047 | 18353 | 4694 |
| 11/2013 | 23047 | 18353 | 4694 |
| 12/2013 | 23047 | 18353 | 4694 |
| 01/2014 | 24437 | 19455 | 4982 |
| 02/2014 | 24437 | 19455 | 4982 |
| 03/2014 | 24437 | 19455 | 4982 |
| 04/2014 | 24437 | 19455 | 4982 |
| ELS 30 Days | 24437 | 19455 | 4982 |
| 05/2014 | 24437 | 19455 | 4982 |
| 06/2014 | 24437 | 19455 | 4982 |

| | | | |
|---|---|---|---|
| 07/2014 | 28190 | 22590 | 5600 |
| 08/2014 | 28190 | 22590 | 5600 |
| 09/2014 | 28190 | 23190 | 5000 |
| 10/2014 | 28890 | 23190 | 5700 |
| 11/2014 | 28890 | 23190 | 5700 |
| 12/2014 | 28890 | 23190 | 5700 |
| 01/2015 | 28798 | 23117 | 5681 |
| 02/2015 | 29745 | 23874 | 5871 |
| 03/2015 | 29745 | 23874 | 5871 |
| 04/2015 | 29745 | 23874 | 5871 |
| ELS 30 Days | 29745 | 23874 | 5871 |
| 05/2015 | 29745 | 23874 | 5871 |
| 06/2015 | 29745 | 23874 | 5871 |
| 07/2015 | 30600 | 24558 | 6042 |
| 08/2015 | 30600 | 24558 | 6042 |
| 09/2015 | 30600 | 25194 | 5406 |
| 10/2015 | 31342 | 25194 | 6148 |
| 11/2015 | 31342 | 25194 | 6148 |
| 12/2015 | 31342 | 25194 | 6148 |
| 01/2016 | 31191 | 25073 | 6118 |
| 02/2016 | 33328 | 26756 | 6572 |
| 03/2016 | 33328 | 28718 | 4610 |
| 04/2016 | 33328 | 28718 | 4610 |
| ELS 30 Days | 33328 | 28718 | 4610 |
| 05/2016 | 33328 | 28718 | 4610 |
| 06/2016 | 33328 | 28718 | 4610 |
| 07/2016 | 34204 | 29474 | 4730 |
| ആകെ | | | 296761 |

296761 രൂപ അനുവദിച്ച സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 കണ്ടിൻജന്റ് എംപ്ളോയീസ്-പെൻഷൻ ഫണ്ട് രൂപീകരിച്ചില്ല

കേരള മുനിസിപ്പാലിററി കണ്ടിൻജന്റ് എംപ്ളോയീസ് (ഡെത്ത് -കം- റിട്ടയർമെൻറ് ബെനഫിററ്) ചട്ടങ്ങൾ 1997 (ജി.ഒ.(പി)96/97/എൽ.എ.ഡി.തീ.3.5.1997), പ്രകാരം എല്ലാ ഫുൾ ടൈം കണ്ടിജന്റ് എംപ്ളോയീസിന്റേയും പ്രതിമാസ മൊത്തം വേതനത്തിന്റെ 15% തുക അതത് മാസത്തെ കണ്ടിജൻറ് ജീവനക്കാരുടെ ശമ്പള ബില്ലിനൊപ്പം പിൻവലിച്ച് ശമ്പളം മാറുന്ന ദിവസം തന്നെ ട്രഷറി സേവിംഗ്സ് ബാങ്കിൽ മുനിസിപ്പൽ കണ്ടിൻജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട് എന്ന പേരിൽ സൂക്ഷിക്കേണ്ടതാണ്. ഇങ്ങനെ രൂപീകരിക്കുന്ന

പെൻഷൻ ഫണ്ട് വകമാററി ചെലവഴിക്കാനും പാടില്ലാത്തതാണ്. എന്നാൽ കോട്ടക്കൽ മുനിസിപ്പാലിററി 1.11.2010 മുതൽ നിലവിൽ വന്നെങ്കിലും ഓഡിററ് തീയതി വരെയും അത്തരത്തിൽ ഒരു അക്കൗണ്ട് തുടങ്ങി മുനിസിപ്പൽ കണ്ടിജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല. നിലവിൽ 6 കണ്ടിൻജന്റ് ജീവനക്കാർ നഗരസഭയിൽ ജോലി ചെയ്തു വരുന്നുണ്ട്. കണ്ടിൻജന്റ് ജീവനക്കാരുടെ ശമ്പള ബില്ലിൽ മൊത്തം വേതനത്തിന്റെ 15% പെൻഷൻ അംശദാനമായതിനാൽ ഫണ്ടിൽ നിന്ന് അവർക്ക് നൽകേണ്ട വേതനം മാത്രമാണ് പിൻവലിക്കുന്നത്. ആകയാൽ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ അംശദാനമിനത്തിൽ മുനിസിപ്പൽ ഫണ്ടിൽ പിൻവലിക്കാതെ സൂക്ഷിച്ച നാളിതുവരെയുള്ള കണ്ടിൻജന്റ് പെൻഷൻ അംശദാനത്തുക മുഴുവനും കണക്കാക്കി മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ്. ഇതിനായി ഒരു രജിസ്റ്റർ സൂക്ഷിച്ച് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം സൂചിപ്പിച്ചിരുന്നെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.22/01.03.19-ക്ക് മറുപടിയായി അപാകത പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നറിയിച്ചിട്ടുണ്ട്.

# 3-3 മുനിസിപ്പൽ സെക്രട്ടറിയുടെ ശമ്പളവും,പെൻഷൻ അംശദാനവും തനത് ഫണ്ടിൽ നിന്നും ട്രഷറിയിലേക്ക് ക്രമീകരിച്ചില്ല.

1994ലെ കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 48(3) പ്രകാരം നഗരസഭാ സെക്രട്ടറിമാർ സർക്കാർ ട്രഷറിയിൽ നിന്നും കൈപ്പറ്റുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും തിരിച്ച് സർക്കാർ ട്രഷറിയിൽ തന്നെ തിരികെ അടവാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഓരോ മാസവും ഇപ്രകാരം സംസ്ഥാന ഫണ്ടിലേക്ക് അടവാക്കണമെന്നാണ് ആക്ടിലെ വ്യവസ്ഥ. എന്നാൽ 2017-18 ലോ മുൻ വർഷങ്ങളിലോ ഇപ്രകാരം തുക ക്രമീകരിച്ചതായി കാണുന്നില്ല. 2017-18 വർഷത്തിൽ,ശമ്പളയിനത്തിൽ മാത്രം 466538 രൂപ ട്രഷറി മുഖേന സെക്രട്ടറി കൈപ്പറ്റിയിട്ടുണ്ട്. മുൻ വർഷങ്ങളിലുൾപ്പടെ ഇപ്രകാരം കൈപ്പറ്റിയിട്ടുള്ള തുക കണക്കാക്കി സർക്കാർ ട്രഷറിയിലേക്ക് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.24/01.03.19)

# 3-4 സെൻട്രൽ പെൻഷൻ ഫണ്ട്- രജിസ്റ്റർ പൂർത്തീകരിച്ചില്ല.

കോട്ടക്കൽ നഗരസഭ 1.11.2010 മുതൽ നിലവിൽ വന്നെങ്കിലും 1.7.2011 മുതൽ (6/2011 ലെ ശമ്പളം) ഒടുക്കു വരുത്തിയതിന്റെയും പിടിച്ചതിന്റെയും വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ ചേർത്ത് ചേർത്തിട്ടുള്ളത്. 1.11.2010 മുതൽ 30.6.2011 വരെയുള്ള വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഇക്കാര്യം മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും സൂചിപ്പിച്ചിരുന്നെങ്കിലും നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

**1.7.2011 മുതൽ 31.03.2018 വരെ ഒടുക്കിയ 7334104/-രൂപയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു. റഗുലർ ജീവനക്കാർക്ക് പെൻഷൻ ഇനത്തിൽ തുകയൊന്നും തന്നെ നാളിതു വരെ ചെലവഴിച്ചിട്ടില്ല.**

| ക്രമ നമ്പർ | വർഷം/ കാലയളവ് | 15% നിരക്കിൽ പിടിച്ച തുക/സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയ തുക | സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അനുവദിച്ച തുക |
|---|---|---|---|
| 1. | 1.7.2011 മുതൽ 31.3.2012 വരെ | 4,48,538 | |
| 2. | 2012-13 | 8,17,716 | |
| 3. | 2013-14 | 9,96,095 | |

| | | | |
|---|---|---|---|
| 4. | 2014-15 | 11,44.230 | |
| 5. | 2015-16 | 12,45,719 | |
| 6. | 2016-17 | 14,65,611 | |
| 7. | 2017-18 | 1216195 | 930807 |
| ആകെ | | 7334104 | നീക്കിയിരിപ്പ്-6403297 |

ഓഡിറ്റ് എൻക്വയറി നം.21/01.03.19 ക്ക് മറുപടിയായി അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 3-5 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്- വിളക്കുകളുടെ എണ്ണവും തരവും തിട്ടപ്പെടുത്തിയില്ല.

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 150000 രൂപ മുതൽ 200000 രൂപ വരെ പ്രതിമാസം വൈദ്യുതി ബോർഡിലേക്ക് അടവാക്കി വരുന്നുണ്ട്.2017-18ൽ ഈയിനത്തിൽ 19,73,688/-രൂപ ചെലവഴിച്ചിട്ടുണ്ട് (RP-12 of AFS) എന്നാൽ തെരുവു വിളക്കുകളുടെ എണ്ണം തരം എന്നിവ സംബന്ധിച്ച യാതൊരു വിവരവും നഗരസഭയിൽ ലഭ്യമല്ല. തെരുവു വിളക്കുകളുടെ വിവരം സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. KSEB യിൽ നിന്നുള്ള ബിൽ പ്രകാരം തുക അടവാക്കി വരുന്ന രീതിയാണ് നിലവിൽ തുടർന്നു വരുന്നത്. നിലവിൽ പ്രകാശിക്കുന്ന വിളക്കുകളുടെ വൈദ്യുതി ചാർജ് മാത്രമാണ് അടവാക്കുന്നത് എന്ന് ഉറപ്പു വരുത്താനായി KSEB യൊന്നിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. KSEB കോട്ടക്കൽ ഓഫീസിൽ നിന്നുള്ള BB/SA Bill/2017-18/KTKL/247 Dt.19.03.18 കത്തിൽ 01.09.10 മുതൽ 300 വിളക്കുകളും 01.04.13 മുതൽ സ്ഥാപിച്ചിട്ടുള്ള 3104 വിളക്കുകളും നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചതായും ആയതിന്റെ വൈദ്യുതി ചാർജ് കുടിശ്ശിക 3724095 രൂപ ഉടൻ അടവാക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ നഗരസഭാ കൌൺസിലിന്റെ 30.06.2018 ലെ 10-ാം നമ്പർ തീരുമാനപ്രകാരം റിവിഷനിൽ ഉൾപ്പെടുത്തിയോ, അടുത്ത പദ്ധതിയിൽ ഉൾപ്പടുത്തിയോ അടവാക്കുന്നതിന് സർക്കാരിലേക്ക് അനുമതിക്കായി അപേക്ഷിക്കാൻ തീരുമാനിച്ചതായി കാണുന്നു. ഓഡിറ്റ് തീയതി വരെ തുക അടവാക്കിയിട്ടില്ല. വിശദമായ പരിശോധന നടത്തി പ്രകാശിക്കുന്ന വിളക്കുകളുടെ എണ്ണത്തിനനുസൃതമായി മാത്രം തുക അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

# 3-6 ലൈബ്രറി സെസ്സ് അടവാക്കൽ--സർക്കാർ നിർദ്ദേശം പാലിച്ചില്ല.

സർക്കുലർ നം.10088/എൽ3/05/തസ്വഭവ 20.09.15 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ, ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടക്കണം.ആദ്യ ഗഡു ഏപ്രിൽ 30 ന് അകവും,രണ്ടാം ഗഡു നവംബർ 30 ന് അകവും അടവാക്കണം.ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയുടെ ബാധ്യതയായിരിക്കും എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭ ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ ഈ മാർഗ്ഗ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. 2012-13 മുതൽ 2017-18 വരെയുള്ള കാലയളവിലെ ലൈബ്രറി സെസ്സ് അടവാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| വർഷം | പിരിച്ചെടുത്ത വസ്തു നികുതി | ക്രമപ്രകാരം അടവാക്കേണ്ട ലൈബ്രറി സെസ്സ് |
|---|---|---|
| 2013-14 | 5787020 | 289351 |
| 2014-15 | 7025380 | 351269 |
| 2015-16 | 7153780 | 357689 |
| | | |

| | | |
|---|---|---|
| 2016-17 | 8017660 | 400883 |
| 2017-18 | 8852840 | 442642 |
| ആകെ | | 1841834 |

വസ്തു നികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറി സെസ്സ് ലൈബ്രറി കൌൺസിലിലേക്ക് അടവാക്കാതെ ഇത്രയും കാലം തനത് ഫണ്ടിൽ സൂക്ഷിച്ചത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.27/01.03.19)-ക്ക് തുക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നറിയിച്ചിട്ടുണ്ട്.

## 3-7 പൊതു ടാപ്പുകളുടെ വെള്ളക്കരം-സംയുക്ത പരിശോധന നടത്തിയില്ല.

നിലവിൽ 94 പൊതു ടാപ്പുകൾക്ക് 61758 രൂപ വെള്ളക്കരം ഇനത്തിൽ പ്രതിമാസം വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കുന്നുണ്ട്. 1.11.2010 ന് നഗരസഭ നിലവിൽ വന്നതിനു ശേഷം വാട്ടർ അതോറിറ്റിയുമായി ഒന്നിച്ച് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയതായി കാണുന്നില്ല. വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക അടവാക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം സൂചിപ്പിച്ചിരുന്നെങ്കിലും നാളിതു വരെ സംയുക്ത പരിശോധന നടന്നിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമാണ് കരം അടവാക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം.23/01.03.19- ക്ക് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 3-8 മഴക്കാല പൂർവ്വരോഗ ശുചീകരണ പ്രവർത്തനങ്ങൾ--തുകയുടെ വിനിയോഗ രേഖകൾ ഹാജരാക്കിയില്ല.

മഴക്കാല പൂർവ്വരോഗ ശുചീകരണ പ്രവർത്തനങ്ങൾക്കായി നഗരസഭയിലെ 32 വാർഡുകൾക്കും 8875 രൂപ വീതം ആകെ 28400/-രൂപ അനുവദിച്ചിട്ടുണ്ട്. (വൌച്ചർ നമ്പർ 21700235/04.07.17 മുതൽ 21700266/04.07.17 വരെ 32 വൌച്ചറുകൾ) വാർഡ് തല സാനിറ്റേഷൻ കമ്മറ്റി കൺവീനർമാർക്കാണ് തുക അനുവദിച്ചിട്ടുള്ളത്. തുക വിനിയോഗിച്ച് ഓരോ വാർഡുകളിലും നടത്തിയ പ്രവർത്തനങ്ങളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 25/01-03-2019ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 284000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-9 നഗര ദാരിദ്ര്യ ലഘൂകരണ സെൽ പ്രൊജക്ട് ഓഫീസർ-പദ്ധതി നിർവഹണത്തിലെ അപാകതകൾ

നഗര സഭയിലെ ഒരു ഉദ്യോഗസ്ഥൻ തന്നെയായ നഗര ദാരിദ്ര്യ ലഘൂകരണ സെൽ പ്രൊജക്ട് ഓഫീസറുടെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) TR7A Cash Book എഴുതുന്നില്ല.

2) ഉപയോഗിച്ചു കൊണ്ടിരിക്കുന്ന കാഷ് ബുക്കിൽ തിയ്യതി ക്രമത്തിൽ വരവു ചെലവുകൾ രേഖപ്പെടുത്താതെ, പ്രൊജക്ട് ക്രമത്തിൽ എഴുതിയതായി കാണുന്നു. ഇതു ക്രമ വിരുദ്ധമായ നടപടിയാണ്.

3) സബ്സിഡിയറി രജിസ്റ്റർ എഴുതുന്നില്ല.

4) പ്രൊജക്ട് രജിസ്റ്റർ എഴുതുന്നില്ല.

(ടി അപാകതകൾ ഓഡിറ്റ് എൻക്വയറി നം. 3/25-2-19 മുഖേന അറിയിച്ചതിന്, ടി രജിസ്റ്ററുകൾ ഗ്രാമ ലക്ഷ്മി

മുദ്രാലയത്തിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് എഴുതുന്നതാണെന്നും, മറ്റു അപാകതകൾ പരിഹരിക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത് )

അപാകതകൾ പരിഹരിക്കേണ്ടതാണ്

## 3-10 അയ്യങ്കാളി നഗരതൊഴിലുറപ്പു പദ്ധതി-പ്രവൃത്തികളിൽ കാലോചിതമായി മാറ്റം വരുത്തുന്നില്ല

2017-18 ലേബർ ബജറ്റ് (ആക്ഷൻ പ്ലാൻ) പ്രകാരം ചെലവ് പ്രതീക്ഷിച്ചിരുന്നത് 33840000 രൂപയാണ്. എന്നാൽ യഥാർത്ഥ ചെലവ് 1550057 രൂപ മാത്രമാണ്. പ്ലാനും യഥാർത്ഥ ചെലവും തമ്മിൽ ഭീമമായ അന്തരമാണ് കാണുന്നത്. യാതാർത്ഥ്യ ബോധത്തോടു കൂടി പ്ലാൻ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്നതിലും വളരെ കുറച്ച് പ്രവൃത്തികൾ മാത്രമേ നിർവ്വഹണം നടത്തിയിട്ടുള്ളൂ., 65 പ്രവൃത്തികൾ മാത്രമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ചെയ്ത പ്രവൃത്തികളുടെ എണ്ണവും തരവും താഴെ ചേർക്കുന്നു.

| പ്രവൃത്തികളുടെ തരം | എണ്ണം |
|---|---|
| മഴക്കുഴികൾ | 9 |
| തോടുകൾ പുനരുദ്ധാരണം | 5 |
| കിണർ | 4 |
| മഴവെള്ളച്ചാൽ | 3 |
| കേന്ദ്ര സംസ്ഥാന പദ്ധതികളുടെ സംയോജനം | 43 |
| കക്കൂസ് കുഴി | 1 |
| ആകെ | 65 |

മുൻ വർഷങ്ങളിൽ ചെയ്തു വരുന്ന പ്രവൃത്തികൾ തന്നെ തുടർന്നു വരുന്നതായി കാണുന്നു. ജലസുരക്ഷ-കിണർ റീചാർജിംഗ് പ്രവൃത്തികൾ ലേബർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും, ഒരു പ്രവൃത്തി പോലും നിർവ്വഹണം നടത്തിയിട്ടില്ല. നഗരസഭാ പരിധിയിലെ ചില പ്രദേശങ്ങളിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം ഉണ്ടാകുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി 846820 രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ നിന്നും കിണർ റീചാർജ് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാണ്. 2017-18 വർഷത്തിൽ തൊഴിലിന് അപേക്ഷിച്ചിരുന്ന 982 പേരിൽ, 192 പേർക്ക് മാത്രമാണ് തൊഴിൽ ലഭ്യമായിട്ടുള്ളത്. 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവർ 12 പേർ മാത്രമാണ്. തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിനും, കാലോചിതമായി പ്രവർത്തികൾ നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ പ്രത്യക ശ്രദ്ധ ഇക്കാര്യത്തിൽ പതിപ്പിക്കേണ്ടതാണ്.

## 3-11 പ്രിൻസിപ്പാൾ നിർവഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ

2017-18 വർഷം പ്രിൻസിപ്പാൾ നിർവഹണം നടത്തിയ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രോജക്ട് രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ എന്നിവ എഴുതിയിട്ടുമില്ല. മറ്റു അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം./ പേര് | ചെലവു തുക | അപാകതകൾ | ബിൽ നമ്പർ / തീയതി |
|---|---|---|---|---|
| 1 | 35: SSA വിഹിതം അടവാക്കൽ | 17,00,000 | 1) വിനിയോഗ സാക്ഷ്യ പത്രം ഇല്ല. | 1/17-18/21-07-2017 |

| | | | | |
|---|---|---|---|---|
| 2 | 36: ഗവ. സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ | 4,38,906 | 1)സ്റ്റോക്ക് വിവരം ഇല്ല.<br>2) ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ ചട്ട പ്രകാരമുള്ള മാതൃകയിലല്ല. റസീറ്റ്-ഇഷ്യൂ വിവരങ്ങൾ ചേർത്തിട്ടില്ല.<br>3) ഫർണിച്ചർ കൈപ്പറ്റിയ സ്ഥാപനമേധാവികൾ<br>കൈപ്പറ്റിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തിയിട്ടില്ല. | 3/17-18/9-11-2017 |
| 3 | 37: ഗവ. രാജാസ് സ്കൂളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | 8,67,300 | 1) സ്റ്റോക്ക് വിവരം ഇല്ല.<br>2) ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ (പേജ് 18& 19) പ്രകാരം, ആകെ വാങ്ങിയ 28 കമ്പ്യൂട്ടറുകളിൽ 10 വീതം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ.<br>3) ഫർണിച്ചർ കൈപ്പറ്റിയ സ്ഥാപന മേധാവികൾ കൈപ്പറ്റിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തിയിട്ടില്ല.<br>4) E-Tender പ്രകാരം നടപ്പാക്കിയ ഈ പ്രൊജക്ടിന്റെ ടെണ്ടർ ഫോറം വില നഗരസഭയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 11/17-18/05-03-2018 |
| 4 | 38: ജി.എം.യു.പി. സ്കൂൾ സ്മാർട്ടാക്കൽ | 19,25,000 | 1) സ്റ്റോക്ക് വിവരം ഇല്ല.<br>2) ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ ചട്ട പ്രകാരമുള്ള മാതൃകയിലല്ല. റസീറ്റ്-ഇഷ്യൂ വിവരങ്ങൾ ചേർത്തിട്ടില്ല.<br>3) സാധനങ്ങൾ കൈപ്പറ്റിയ സ്ഥാപന മേധാവികൾ കൈപ്പറ്റിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തിയിട്ടില്ല. | 1. 15/17-18/20-03-2018 Rs.1500000<br>2. 16/17-18/20-03-2018 Rs.425000 |
| 5 | 42: ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 19,83,800 | 1)96 കുട്ടികൾക്ക് 6 വ്യത്യസ്ത നിരക്കിലായി തുക വിതരണം ചെയ്തിട്ടുണ്ട്, എന്നാൽ ഇപ്രകാരം തുക നിശ്ചയിച്ചതിന്റെ രേഖകൾ ഫയലിലില്ല.<br>2) ഉല്ലാസ യാത്ര, പഠനസഹായികൾ എന്നിവയ്ക്ക് തുക നൽകിയവർക്ക് അപ്രകാരം ചെലവു വന്നതിന്റെ രേഖകൾ ഇല്ല. | 1. 2/17-18/19-09-2017 Rs.1114600<br>2. 4/17-18/20-11-2017 Rs.869200 |
| 6 | 203: സ്കൂൾ വിദ്യാർത്ഥികൾക്ക് നിഘണ്ടു വിതരണം | 10,00,000 | 1) ഈ പദ്ധതി പ്രകാരം ആകെ വാങ്ങിയത് 3704 നിഘണ്ടുക്കളാണ്. എന്നാൽ ഇവയുടെ പൂർണമായ വിതരണ വിവരം തയ്യാറാക്കിയിട്ടില്ല. . | 12/17-18/21-03-2018 |
| 7 | 224: സയൻസിയ -ദി | 3,99,900 | 1) സ്റ്റോക്ക് വിവരം ഇല്ല. | 7/17-18/14-02-18 |

| | | | | |
|---|---|---|---|---|
| | ലേണിംഗ് ലാബ് ഓഫ് സയൻസ് | | 2) ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ ചട്ട പ്രകാരമുള്ള മാതൃകയിലല്ല. റസീറ്റ്-ഇഷ്യൂ വിവരങ്ങൾ ചേർത്തിട്ടില്ല.<br>3) സാധനങ്ങൾ കൈപ്പറ്റിയ സ്ഥാപന മേധാവികൾ കൈപ്പറ്റിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തിയിട്ടില്ല. | |
| 8 | 342: SC വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ | 1,28,800 | 1) സ്റ്റോക്ക് വിവരം ഇല്ല.<br>2) ആകെ വാങ്ങിയ 49 സൈക്കിളുകളിൽ 28 എണ്ണത്തിന്റെ വിതരണ വിവരം ലഭ്യമല്ല.<br>3) GO (MS)80/17/ LSGD/3-4-17 മാർഗരേഖയുടെ ഖണ്ഡിക 11.8.5 -ൽ പരാമർശിക്കുന്ന വിധം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ്, സ്കൂൾ അധികൃതർ വഴി വിതരണം, മുമ്പ് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന രേഖ, മറ്റു സ്രോതസ്സിൽ നിന്നും ലഭിച്ചിട്ടില്ലെന്ന പട്ടിക ജാതി വകുപ്പ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ ഇല്ല. | 8/17-18/05-03-2018 |
| 9 | 344: SC വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വാങ്ങി നൽകൽ | 1,02.900 | --ടി-- | 9/17-18/05-03-2018 |
| 10 | 348: LP/UP വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകൽ (SC) | 4,24,088 | 1) സ്റ്റോക്ക് വിവരം ഇല്ല.<br>2) GO (MS)80/17/ LSGD/3-4-17 മാർഗരേഖയുടെ ഖണ്ഡിക 11.8.5 -ൽ പരാമർശിക്കുന്ന വിധം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ്, സ്കൂൾ അധികൃതർ വഴി വിതരണം, മുമ്പ് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന രേഖ, മറ്റു സ്രോതസ്സിൽ നിന്നും ലഭിച്ചിട്ടില്ലെന്ന പട്ടിക ജാതി വകുപ്പ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ ഇല്ല. | 10/17-18/05-03-2018 |
| 11 | 393: SSA വിഹിതം ബാക്കി തുക നൽകൽ | 18,51,775 | 1) വിനിയോഗ സാക്ഷ്യ പത്രം ഇല്ല. | 17/17-18/26-03-2018 |
| | ആകെ | 19822469 | | |

അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/25-2-19 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഉടൻ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ 19822469/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-12 ഗ്രീൻ കോട്ടയ്ക്കൽ പദ്ധതി - പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ

# പ്രവർത്തന സജ്ജമായില്ല.

പ്രോജക്ക് നം. 194/18

ഗ്രീൻ കോട്ടയ്ക്കൽ പദ്ധതി - അജൈവ മാലിന്യ സംസ്കരണം

വിനിയോഗിച്ച തുക – 9,82,943 രൂപ

ബിൽ നം. 2/17-18/ 24.03.18

നിർവ്വഹണം - ഹെൽത്ത് ഓഫീസർ ,മുനിസിപ്പാലിറ്റി

ബഹു വർഷ പദ്ധതിയായി അംഗീകാരം നേടിയ പദ്ധതിയ്ക്കായി പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ സ്ഥാപിയ്ക്കലാണ് ആദ്യ വർഷം വിഭാവനം ചെയ്തത്. മുനിസിപ്പാലിറ്റിയുടെ മൈലാടി പ്ലാൻറിൽ സ്ഥാപിയ്ക്കുവാനാണ് ഉദ്ദേശിച്ചത് .9,82,943 രൂപ ഉടമ്പടി പ്രകാരം മെഷീൻ സ്ഥാപിയ്ക്കുന്ന ക്ലീൻ കേരള കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)12.03.18 ന് മെഷീൻ സ്ഥാപിയ്ക്കുന്നതിനായി ക്ലീൻ കേരള കമ്പനിയുമായി കരാർ ഏർപ്പെട്ടിട്ടുണ്ട്. കമ്പനിയ്ക്ക് വേണ്ടി മാനേജിംഗ് ഡയറക്ടറും, നഗരസഭയ്ക്ക് വേണ്ടി സെക്രട്ടറിയും തമ്മിൽ ഏർപ്പെടുന്ന കരാർ എന്ന് രേഖപ്പെടുത്തിയാണ് കരാറിൽ ഏർപ്പെട്ടത് , എന്നാൽ ഹെൽത്ത് ഓഫീസറാണ് കരാറിൽ ഒപ്പുവെച്ചിട്ടുള്ളത് . ആയത് ക്രമപ്രകാരമല്ല. വ്യക്തമാക്കേണ്ടതാണ്.ഇക്കാര്യം പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.6 /25.02.2018 )മറുപടിയിൽ നഗരസഭാ കൗൺസിലിന്റെ 05.03.18 ലെ 27-ാം നമ്പർ തീരുമാനപ്രകാരം സെക്രട്ടറിയ്ക്ക് വേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥനെ കരാറിൽ ഏർപ്പെടുന്നതിനായി അധികാരപ്പെടുത്തിയതിനാലാണ് അപ്രകാരം ചെയ്തതെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.അപ്രകാരമെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെൽത്ത് ഓഫീസറും കമ്പനിയ്ക്ക് വേണ്ടി മാനോജിംഗ് ഡയറക്ടറും തമ്മിൽ ഏർപ്പെടുന്ന കരാർ എന്നാണ് രേഖപ്പെടുത്തേണ്ടിയിരുന്നത് . അപാകതമൂലം ഭാവിയിൽ സംഭവിയ്ക്കുന്ന ഭവിഷ്യത്തുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തിപരമായി ഉത്തരവാദിയായിരിയ്ക്കുന്നതാണ്.

2)നാളിതുവരെയും മെഷീൻ സ്ഥാപിച്ചിട്ടില്ല. ഇക്കാര്യം പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ,മുൻപ് ജൈവമാലിന്യപ്രാന്റായി പ്രവർത്തിച്ചിരുന്ന മൈലാടിയിൽ തന്നെ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ സ്ഥാപിയ്ക്കുന്നതിനും അവിടെ അജൈവമാലിന്യം വേർത്തിരിച്ച് തരംതിരിച്ച് സ്റ്റോക്ക് ചെയ്ത് റീസൈക്കിൾ ചെയ്യുന്നതിനായും അംഗീകൃത ഏജൻസികൾ മുഖേന കയറ്റി അയ്ക്കുന്നതിനുമാണ് പദ്ധതി രൂപീകരിച്ചിരുന്നതെന്നും ,എന്നാൽ പ്രദേശവാസികളുടെ രൂക്ഷമായ എതിർപ്പ മൂലം യന്ത്രം സ്ഥാപിയ്ക്കുന്നതിനോ ,മറ്റ പ്രവർത്തനങ്ങൾ ആരംഭിയ്ക്കുന്നതിനോ നാളിതുവരെ സാധിച്ചിട്ടില്ല. എന്ന് വ്യക്തമാക്കി .കരാർ പ്രകാരം, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയാൾ തുക ലഭ്യമായി മൂന്നാഴ്ചയ്ക്കകം മെഷീൻ പ്രവർത്തനസജ്ജമാക്കേണ്ടിയിരുന്നതാണ്.

3)മെഷീൻ പ്രവർത്തന സജ്ജമാക്കുന്നതിന് III ഫേസ് വൈദ്യുതി കണക്ഷൻ ലഭ്യമാകേണ്ടതുണ്ട്. ആയത് പ്ലാന്റിൽ ലഭ്യമാണെന്ന് മുനിസിപ്പൽ എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്.എന്നാൽ മെഷീൻ പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ വയറിംഗ് ജോലികൾ നടത്തിയിട്ടില്ല.

മുൻപ് ജൈവമാലിന്യപ്രാന്റായി പ്രവർത്തിച്ചിരുന്ന മൈലാടിയിൽ പ്രദേശവാസികളുടെ രൂക്ഷമായ എതിർപ്പ മൂലം പ്ലാന്റ് പ്രവർത്തനരഹിതമായത് പരിശോധനയിൽ വെളിവായി . എന്നിരുന്നിട്ടും അതെ സ്ഥലത്തു തന്നെ വ്യക്തമായ കൂടിയാലോചനയില്ലാതെ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ സ്ഥാപിയ്ക്കുന്നതിന് തീരുമാനമെടുത്തത് നഗരസഭയുടെ വീഴ്ചയാണ്. പ്ലാന്റ് പ്രവർത്തന സജ്ജമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതു വരെ പദ്ധതിയ്ക്കായി ചെലവഴിച്ച 9,82,943 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 3-13 മെഡിക്കൽഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

<u>1.മരുന്നുകൾ ലഭ്യമാക്കിയില്ല.</u>

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവഹണം നടത്തിയ പദ്ധതികളിൽ മരുന്നുകൾ വാങ്ങുന്നതിനായി താഴെ കാണുന്ന പ്രകാരം തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, തൈക്കാട് തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്,നമ്പർ | ബിൽ,ചെക്ക് നമ്പർ/ തിയ്യതി | മരുന്നിനായി നല്കിയ തുക |
|---|---|---|---|
| 1 | സി.എച്ച്.സിയിലേക്ക് മരുന്നു വാങ്ങൽ (22/17-18) | 6/2017-18 തി.31-10-2017 | 1,50,000 |
| 2 | പരിരക്ഷ പാലിയേറ്റീവ്-മരുന്നു വാങ്ങൽ (9/17-18) | 7/2017-18 തി.31-10-2017 | 60,000 |
| 3 | വയോ മിത്രം (മരുന്നു വാങ്ങൽ) (26/17-18) | 8/2017-18 തി.31-10-2017 | 50,000 |
| | ആകെ | | 2,60,000 |

മരുന്നു ലഭ്യമായതിന്റെ സ്റ്റോക്ക് ഇഷ്യു വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നതുവരെ 260000/-രൂപ തടസ്സപ്പെടുത്തുന്നു.

<u>2.പരിരക്ഷ - പദ്ധതി നിർവ്വഹണത്തിലെ അപാകത</u>

പരിരക്ഷ പദ്ധതിയിൽ (പ്രോജക്റ്റ് നമ്പർ -എസ്.ഒ 09/2017-18 ) പാലിയേറ്റീവ് പരിചരണത്തിനു വേണ്ടി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ യിലെ **(സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ തിയതി 29-10-2015)** താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

മാർഗ്ഗരേഖ 2.5 (പ്രാഥമിക പാലിയേറ്റീവ് സേവനം ലഭ്യമാക്കേണ്ടവരുടെ രജിസ്ട്രേഷൻ )- ഉപ ഭാഗം 2.5.6 പ്രകാരം "' *ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരു വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്ററിലും മാറ്റം വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്ററ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനു ശേഷം തുക ചിലവഴിക്കാൻ പാടില്ല.'* എന്നാൽ നാളിതു വരെ *നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന* രോഗികളുടെ പേരുവിവരം കോട്ടക്കൽ നഗരസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

മാർഗ്ഗരേഖ 2.6.3-(7) പ്രകാരം *ഓരോ ദിവസവും ഗൃഹസന്ദർശനം നടന്നു കഴിഞ്ഞാൽ അന്നുതന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് കംപ്യൂട്ടർ സോഫ്റ്റ്വെയർ മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണ്. അതിനാവശ്യമായ ഓൺലൈൻ സംവിധാനം എെ.കെ.എം ലഭ്യമാക്കുന്നതാണ്.* മേൽ നടപടി ക്രമം പാലിക്കാനായി യാതൊരു ശ്രമവും നടന്നിട്ടില്ല. ഉചിതമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

# 3-14 ഡെപ്പോസിറ്റ് പ്രവൃത്തി; പൂർത്തീകരണവിവരം ലഭ്യമല്ല.

**നി.ഉദ്യോഗസ്ഥൻ. മുനിസിപ്പൽ എഞ്ചിനീയർ.**

താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണവിവരം ലഭ്യമല്ല.

| ക്രമ നം | പ്രവൃത്തി | തുക(രൂപ) | തുക കൈപ്പറ്റിയത് | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ആലിക്കൽ ആലിൻചുവട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ. 389/18 | 2000000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ. KWA എടപ്പാൾ. | 76/17-18/26-03-2018 |
| 2 | വലിയപറമ്പ് കുടിവെള്ള പദ്ധതി 388/18 | 2400000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ. KWAഎടപ്പാൾ. | 77/17-18/26-03-2018 |
| 3 | നെല്ലിക്കാപറമ്പ് ചാരിറ്റബിൾ ഹോസ്പിറ്റലിലേക്ക് പൈപ്പ് ലൈൻ നീട്ടൽ. 391/18 | 3600000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ. KWAഎടപ്പാൾ. | 81/17-18/26-03-2018 |
| 4 | സർഹിന്ദ് നഗർ ഫാറൂഖ് നഗർ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ. 390/18 | 3200000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ. KWAഎടപ്പാൾ. | 75/17-18/26-03-2018 |
| 5 | സർഹിന്ദ് ആലിക്കൽ കുടിവെള്ള പദ്ധതി 329/18 | 2600000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ. KWAഎടപ്പാൾ. | 19/17-18/19-01-2018 |
| 6 | നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ നിർമാണം 392/18 | 1897400 | അസിസ്റ്റന്റ് എഞ്ചിനീയർ. KSEB കോട്ടക്കൽ. | 79/17-18/26-03-2018 ;300214<br><br>80/17-18/26-03-2018; 1597186 |
| 7. | നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം | 922070 | ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, മലപ്പുറം | 78/17-18/26-03-2018 |
| 8. | പപ്പായി വൈദ്യുതി ലൈൻ മാറ്റൽ | 200000<br>59000(OF) | എ.ഇ.ഇലക്ട്രിക്കൽ സെക്ഷൻ, ചട്ടിപ്പറമ്പ് | 16/17-18/12-01-2018 4942763/03-03-2018 |
| | ആകെ | 16878470 | | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണവിവരം അറിയിക്കേണ്ടതാണ്. ഇക്കാര്യമുന്നയിച്ച് നൽകിയ 30/2-3-19നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 16878470 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-15 കുടിവെള്ള പദ്ധതി; പൂർത്തീകരണവിവരം ലഭ്യമല്ല.

നി.ഉദ്യോഗസ്ഥൻ. മുനിസിപ്പൽ എഞ്ചിനീയർ

താഴെ പറയുന്ന കുടിവെള്ള പദ്ധതികളുടെ ഭാഗികമായ പ്രവൃത്തികൾക്ക് തുക അനുവദിച്ചതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

1) വലിയപറമ്പ് കുടിവെള്ള പദ്ധതി 157/18

അടങ്കൽ: 180000

ചെലവ്: 176228 (ട്രഷറി ബിൽ നംപർ 57/17-18/16-3-18)

കരാറുകാരൻ: കെ അബ്ദു

അളവ് പുസ്തകം: 47/17-18

2016-17 ൽ നിർമിച്ച ബേസ്മെന്റിൽ കോൺക്രീറ്റ് പ്ളാറ്റ്ഫോം ഉണ്ടാക്കി 10000 ലിറ്ററിന്റെ വാട്ടർ ടാങ്ക് സ്ഥാപിക്കുകയാണ് മേൽ പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. മറ്റു വിവരങ്ങൾ ഇല്ല. ഈ പദ്ധതിയുടെ നിലവിലുള്ള അവസ്ഥ അറിയിക്കേണ്ടതാണ്.

2) പച്ചേരി കുടിവെള്ള പദ്ധതി 315/18

അടങ്കൽ: 48000

ചെലവ്: 47100 (ചെക്ക് നംപർ 1428969/4-10-17 (തനത് ഫണ്ട്)

കരാറുകാരൻ: ദിനേശ് കെ

അളവ് പുസ്തകം: 230/15-16

മേൽ പദ്ധതി പ്കാരം 5 HP 3 ഫേസ് മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ആയത് നിലവിലുള്ള കുടിവെള്ള പദ്ധതിക്കാണോ പുതിയ കുടിവെള്ള പദ്ധതിക്കാണോയെന്ന് വ്യക്തമല്ല. ഈ പദ്ധതിയുടെ നിലവിലുള്ള അവസ്ഥ അറിയിക്കേണ്ടതാണ്. ഇക്കാര്യമുന്നയിച്ച് നൽകിയ 29 /2-3-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-16 ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല

**നി.ഉദ്യോഗസ്ഥൻ. മുനിസപ്പൽ എഞ്ചിനീയർ**

തനത് ഫണ്ട്.

മുനിസിപ്പൽ എഞ്ചിനീയർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തനത് ഫണ്ടിന്റെ വരവ്-ചെലവിന്റെ വിശദാംശം ലഭ്യമല്ല. ചെലവ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ, ലഭ്യമാക്കാത്ത ചെലവ് രേഖകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പദ്ധതിയുടെ പേര് | തുക(രൂപയിൽ) |
|---|---|---|
| 1. | കെ എസ് ഇ ബി ലൈൻ മാറ്റി സ്ഥാപിക്കൽ 209/18 | 14100 |
| 2. | എരട്ടാക്കൽ പറമ്പ് കോളനി പാത്ത് വേ റോഡ് കോൺക്രീറ്റിംഗ് 279/18 | 59396 |
| 3. | ബസ് സ്റ്റാന്റ് കംഫർട് സ്റ്റേഷൻ നവീകരണം 300/18 | 13758 |
| | ആകെ | 87254 രൂപ |

മേൽ രേഖകൾ ഹാജരാക്കേണ്ടതും ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിന് വിശദീകരണം നൽകേണ്ടതും ക്യാഷ് ബുക്ക് എഴുതി തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.ചെലവ് തുക 87254/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വലിയപറമ്പ് കുടിവെള്ളപദ്ധതി പൈപ്പ് ലൈൻമാറ്റൽ | ബിൽ നം. 77/26.03.18 | 24,00,000 | 0 | 24,00,000 |
| കെ എസ് ഇ ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കൽ | ബിൽ നം 80/16.03.18 | 15,97,186 | 0 | 15,97,186 |
| കെ എസ് ഇ ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കൽ | ബിൽ നം 79/26.03.18 | 3,00,214 | 0 | 3,00,214 |
| കേരള വാട്ടർ അതോറിറ്റി | നെല്ലിയ്ക്കാപറമ്പ് ചാരിറ്റബിൾ പൈപ്പ് ലൈൻനീട്ടൽ | ബിൽ നം 81/26.03.18 | 36,00,000 | 0 | 36,00,000 |
| കേരള വാട്ടർ അതോറിറ്റി | സർഹിന്ദ്നഗർ ഫാറൂഖ് നഗർ കുടിവെള്ളപദ്ധതിയുടെ പൈപ്പ് ലൈൻനീട്ടൽ | ബിൽ നം 76/26.03.18 | 32,00,000 | 0 | 32,00,000 |
| കേരള വാട്ടർ അതോറിറ്റി | സർഹിന്ദ്നഗർ കുടിവെള്ളപദ്ധതി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് | ബിൽ നം 19/19.01.18 | 26,00,000 | 0 | 26,00,000 |
| ഗ്രൗണ്ട് വാട്ടർ വകുപ്പ് | കുഴൽ കിണർ നിർമ്മാണം | ബിൽ നം 78/26.03.18 | 9,22,070 | 0 | 9,22,070 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ബാക്കിയുള്ള തുക |
| ഭവന നിർമ്മാണം ധനസഹായം | 2982/19തി. 02.10.2016 | 3,20,00,000 | 1,70,00,000 | 38,00,000 | 75351 | 1,32,00,000 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 21056352 |
| തൻവർഷം നിക്ഷേപിച്ച തുക | 2280160 |
| ആകെ | 23336512 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 23336512 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| പഞ്ചാബ് നാഷണൽ ബാങ്ക് - 3568/31.08.18 | 4,32,173 |
| കോട്ടയ്ക്കൽ സർവ്വീസ് സഹകരണബാങ്ക് -13427/31.03.18 | 4,29,886 |
| കോട്ടയ്ക്കൽ സഹകരണ അർബ്ബൻ ബാങ്ക് -12317/22.09.17 | 5,09,707 |
| കേരള ഗ്രാമീൺ ബാങ്ക് -50009/22.09.17 | 3,35,704 |
| കോട്ടയ്ക്കൽ സർവ്വീസ് സഹകരണ അർബ്ബൻ ബാങ്ക് - 58135/02.11.2017 | 4,72,556 |
| മലപ്പുറം ജില്ലാ സഹകരണബാങ്ക് - 246776/31.03.18 | 4,12,650 |
| മലപ്പുറം ജില്ലാ സഹകരണബാങ്ക് - 520014/31.03.18 | 3,89,684 |
| ട്രഷറി സേവിംഗ് ബാങ്ക് - 412395/13.06.17 | 55,21,221 |
| ട്രഷറി സേവിംഗ് ബാങ്ക് - 412453/13.06.17 | 6,79,366 |
| കോട്ടയ്ക്കൽ സർവ്വീസ് സഹകരണ അർബ്ബൻ ബാങ്ക് -13751/03.04.18 | 35,77,516 |
| കോട്ടയ്ക്കൽ സർവ്വീസ് സഹകരണ അർബ്ബൻ ബാങ്ക് -13750/03.04.18 | 35,77,516 |
| കോട്ടയ്ക്കൽ സർവ്വീസ് സഹകരണ അർബ്ബൻ ബാങ്ക് -13483/03.04.18 | 26,12,207 |
| കോട്ടയ്ക്കൽ സർവ്വീസ് സഹകരണ അർബ്ബൻ ബാങ്ക് -12318/02.02.18 | 23,80,326 |
| ഇകുറ്റി ഷെയർ - 025 (ക്ലീൻ കേരള മിഷൻ) | 20,06,000 |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-8 ചാർജ് /സർചാർജ്

എ) ചാർജ് നടപടികൾ വഴി തുക ഈടാക്കിയ /ഈടാക്കുവാൻ അവശേഷിക്കുന്ന തുക

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 2003-04 | 2-2 | കെ പി നന്ദകുമാർ , സെക്രട്ടറി | LF 1857/spl.cell/SC5/10.dt.15.12.10 (ചാർജ്) | 12,778 | തുക അടവാക്കാൻ അവശേഷിക്കുന്നു. |
| 2 | 2004-05 | 2-16<br>2-19 | പി കെ അസീസ് | LF 19430/spl.cell/SC5/10.dt..09.10 (ചാർജ്) | 9843 | തുക അടവാക്കാൻ അവശേഷിക്കുന്നു. |
| 3 | 2006-07 | 2-1 | എം ശിവശങ്കരൻ | LF 7325/spl.cell/SCD1/12.dt.12.09.14 (ചാർജ്) | 41952 | തുക അടവാക്കാൻ അവശേഷിക്കുന്നു. |
| 4 | 2006-07 | 2-4<br>2-11 | കെ സോമസുന്ദരൻ | LF 8588/spl.cell/CSC/D1/12.dt.14.07.14 (ചാർജ്) | 4920 | തുക അടവാക്കാൻ അവശേഷിക്കുന്നു. |

ബി )സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

സർചാർജ് നടപടികളുടെ വിവരം

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 1998-99 | 58pt. | പി കെ ബാബു സെക്രട്ടറി | LF 20573/spl.cell/SC3/00.dt.06.03.03 | 2521 | തുക അടവാക്കാൻ അവശേഷിക്കുന്നു. |
| 2 | 1998-99 | 58pt. | കെ മുഹമ്മദ് അഷ്റഫ് | LF 20573/spl.cell/SC3/00.dt.06.03.03 | 281668 | കോടതിയിൽ കേസ് നടന്നു വരുന്നു. |
| 3 | 2003-04 | 3-1 | എം പി നന്ദകുമാർ സെക്രട്ടറി | LF 1857/spl.cell/SC5/10.dt.15.12.10 | 13,500 | തുക അടവാക്കാൻ അവശേഷിക്കുന്നു. |
| 4 | 2003-04 | 3-14 | കെ എസ് ശശികല ,ഹെഡ്മിസ്ട്രസ് | LF 1857/spl.cell/SC5/10.dt.15.12.10 | 2240 | തുക അടവാക്കാൻ അവശേഷിക്കുന്നു. |
| 5 | 2004-05 | 3-20(2)<br>3-21<br>3-23 | എം പി നന്ദകുമാർ സെക്രട്ടറി | LF 14219/spl.cell/SCD1/12.dt.14.12.12 | 33461 | തുക അടവാക്കാൻ അവശേഷിക്കുന്നു. |
| 6 | 2006-07 | 3-5(2)<br>3-8 | കെ സോമസുന്ദരൻ | LF 7325/spl.cell/SCD1/12.dt.09.07.12 | 241007 | തുക അടവാക്കാൻ അവശേഷിക്കുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| | | 3-12<br>3-15 | | | | |
| 7 | 2006-07 | 3-11 | എം പി നന്ദകുമാർ സെക്രട്ടറി | LF 7325/spl.cell/SCD1/12.dt.09.07.12 | 178655 | തുക അടവാക്കാൻ അവശേഷിക്കുന്നു. |
| 8 | 2007-08 | 3-5<br>3-12<br>3-13<br>3-14<br>3-21<br>3-22<br>3-31<br>3-34(5) | കെ സോമസുന്ദരൻ | LF 8588/spl.cell/SCD1/12.dt.14.02.14 | 1345621 | തുക അടവാക്കാൻ അവശേഷിക്കുന്നു. |
| 9 | 2005-06 | 3-19pt. | എം പി നന്ദകുമാർ സെക്രട്ടറി | LF 4100/spl.cell/SC5/10.dt.10.09.12 | 137146 | തുക അടവാക്കാൻ അവശേഷിക്കുന്നു. |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 19,06,83,495 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 15,05,25,435 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 7606 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 296761 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 38315136 |

**(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 936 | | ശ്രീ. നൗഷാദ് എ ,സെക്രട്ടറി |
| 2-3 | 6670 | | ശ്രീ. നൗഷാദ് എ ,സെക്രട്ടറി |
| 3-1 | | 296791 | ശ്രീ. നൗഷാദ് എ ,സെക്രട്ടറി |
| **ആകെ** | **7606** | **296791** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-8 | 2,84,000 | ശ്രീ. നൗഷാദ് എ ,സെക്രട്ടറി |
| 3-11 | 19822469 | ശ്രീമതി വനജ.ഇ.എൻ., പ്രിൻസിപ്പാൾ, ജി.ആർ.എച്ച്.എസ്സ്.എസ്സ്, കോട്ടക്കൽ |
| 3-12 | 9,82,943 | ശ്രീ.ഷജിൽ കുമാർ ,ഹെൽത്ത് ഇൻസ്പെക്ടർ |
| 3-13 | 2,60,000 | ഡോ. സയ്യിദ് ഫസൽ.കെ.പി., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 3-14 | 1,68,78,40 | ശ്രീ. മാധവൻ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-16 | 87,254 | ശ്രീ.മാധവൻ ,മുനിസിപ്പൽ എഞ്ചിനീയർ, |
| **ആകെ** | **38315136** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. നൗഷാദ് എ ,സെക്രട്ടറി | ലഭ്യമല്ല | ചാരുവിള പുത്തൻവീട്<br>പത്തടി ,ഭാരതീപുരം പി ഒ, കൊല്ലം ,691330 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1985-86<br>86-87<br>87-88 | എൽ എഫ് എം . 18/1294/2010 തി.27.07.2010 | 10 |
| 2 | 1988-89<br>89-90<br>90-91 | എൽ എഫ് എം.14/281/2003 തി.30.01.2003 | 5 |
| 3 | 1991-92 | എൽ എഫ് എം.14/282/2003 തി.30.01.2003 | 3 |
| 4 | 1994-95 | എൽ എഫ് എം.17/1297/2010 തി.27.07.2010 | 14 |

| | | | |
|---|---|---|---|
| | 95-96 | | |
| 5 | 1996-97 | എൽ എഫ് എം. 14/285/03 തി.29.01.03 | 8 |
| 6 | 1997-98 | എൽ എഫ് എം .17/1298/തി.27.07.2010 | 1 |
| 7 | 1998-99 | എൽ എഫ് എം .17/1299/തി.27.07.2010 | 5 |
| 8 | 1999-00 | എൽ എഫ്എം.18/1300/തി.27.07.2010 | 1 |
| 9 | 2000-01 | എൽ എഫ് എം.17//1301/തി.27.07.2010 | 0 |
| 10 | 2001-02 | എൽ എഫ് എം.21/1302 തി.27.07.2010 | 8 |
| 11 | 2002-03 | എൽ എഫ് എം.17/1303 തി.27.07.2010 | 11 |
| 12 | 2003-04 | എൽ എഫ് എം.10/1002/09 തി.06.01.2010 | 6 |
| 13 | 2004 -05 | എൽ എഫ് എം.20/1998/10 തി.2.05.2011 | 31 |
| 14 | 2005-06 | എൽ എഫ് എം.16/1550/10 തി.2.12.2010 | 9 |
| 15 | 2006-07 | എൽ എഫ് എം.10/1136/09 തി.17.12.2009 | 13 |
| 16 | 2007-08 | എൽ എഫ് എം.11/1137/09 തി.19.12.2009 | 21 |
| 17 | 2008-09 | എൽ എഫ് എം.20/112/12 തി.10.02.2012 | 21 |
| 18 | 2009-10 | എൽ എഫ് എം.20/113/12 തി.10.02.2012 | 27 |
| 19 | 2010-11<br>2011-12<br>2012-13 | എൽ എഫ് എം.20/37/14 തി.14.03.2014 | 55 |
| 20 | 2013-14 | കെ എസ് എ -എം.പി എം 20/1960/2015 തി.10.09.2015 | 33 |
| 23 | 2014-15 | കെ എസ് എ -എം.പി എം 21/344/2016 തി.24.05.2016 | 18 |
| 22 | 2015-16 | കെ എസ് എ -എം.പി എം 20/2758/2016 തി.13.10.2016 | 22 |
| 23 | 2016-17 | കെ എസ് എ -എം.പി എം 20/2439/2017 തി.30.11.2017 | 29 |

സീനിയർ ഡെപ്യൂട്ടിഡയറക്ടർ
മലപ്പുറം

## അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോട്ടയ്ക്കൽ നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ കോട്ടയ്ക്കൽ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**സീനീയർ ഡെപ്യൂട്ടി ഡയറക്ടർ**
**മലപ്പുറം**